*(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)*
നം.കെ.എസ്.എ.കെ.കെ.ഡി.പി5/239/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 0495237101
തീയതി:03.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
**തിരുവള്ളൂർ** ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : **തിരുവള്ളൂർ** ഗ്രാമ പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി5/239/2020 തീയതി:03.03.2020

## കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയി മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ **തിരുവള്ളൂർ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 26.02.2019 മുതൽ 13.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം. വാസുദേവൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.02.2020 മുതൽ 24.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മോഹൻ കുരുന്നം മനക്കൽ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ധീരജ് ജെ<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സുരേഷ് കുമാർ എസ്<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജാസിർ സി.എം<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ മോഹനൻ | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ അനിൽകുമാർ നൊച്ചിയിൽ | 01.04.2018 മുതൽ 16.04.2018 വരെ |
| | | 01.06.2018 മുതൽ 04.07.2018 വരെ |
| | ശ്രീ.ബിജു എം | 04.07.2018 മുതൽ 31.03.2019 വരെ |
| | ശ്രീ. കൃഷ്ണകുമാർ കെ. സെക്രട്ടറി ഇൻ ചാർജ് | 17.04.2018 മുതൽ 31.05.2018 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കൃഷ്ണകുമാർ.കെ | 01.04.2018മുതൽ 30.08.2018 വരെ |
| | | | 31.08.18-10.10.18 തസ്തിക ഒഴിഞ്ഞു കിടന്നു. |
| | | ശ്രീ.പ്രകാശൻ.പി.എം | 11.10.2018 മുതൽ 31.03.2019 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.സുനിൽ കുമാർ | 01.04.2018 മുതൽ 31.03.20189 വരെ |
| 3 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.നഫീസ.പി | 01.04.2018 മുതൽ 22.10.2018 വരെ |
| | | ഡോ.ആനന്ദ് | 23.10.2018 മുതൽ 31.03.2019 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) | ഡോ.സാജിദ പാലയാട്ടം പൊയിൽ | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | ഹെഡ് മാസ്റ്റർ | ശ്രീ.ബാലൻ എം | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | കൃഷി ഓഫീസർ | ശ്രീമതി.അഖില ജി.വി | 01.04.2018 മുതൽ 01.02.2019 വരെ |
| | | ശ്രീമതി. അനില എം.എ | 01.02.2019 മുതൽ 31.03.2019 വരെ |
| 8 | വി ഇ ഒ | ശ്രീ.അനൂപ്കുമാർ പി | 01.04.2018 മുതൽ |

| | | | |
|---|---|---|---|
| | | | 31.08.2018 വരെ |
| | | ശ്രീ.ജോണി ആർ | 01.09.2018 മുതൽ 31.03.2019 വരെ |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. വിഷ്ണു ജി.എസ് | 01.04.2018 മുതൽ 30.01.2019 വരെ |
| | | ശ്രീമതി.രഗിന കെ.ജി | 31.01.2019 മുതൽ 05.03.2019 വരെ |
| | | ശ്രീ.പ്രഭിഷ ബി | 06.03.2019 മുതൽ 31.03.2019 വരെ |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശബ്നം സി | 01.04.2018മുതൽ 31.03.2019 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ/ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മഹേഷ് കെ.കെ | 01.04.2018 മുതൽ 17.07.2018വരെ |
| | | ശ്രീ.ശ്രീജിത്ത് സി.പി | 18.07.2018 മുതൽ 04.12.2018 വരെ |
| | | ശ്രീമതി ഹസ്ന | 05.12.2018 മുതൽ 31.03.2019 വരെ |
| 12 | മെഡിക്കൽ ഓഫീസർ – സി.എച്ച്.സി തിരുവള്ളൂർ | ഡോ.ഉസ്മാൻ | 01.04.2018 മുതൽ 18.08.2018 വരെ |
| | | ഡോ.ഉഷ | 18.08.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | വാർഷിക കണക്കിലെ അപാകതകൾ | 1-7 |
| 8 | വസ്തുനികുതി - നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല. | 1-8 |
| 9 | ലൈസൻസ് അപാകതകൾ | 1-9 |
| 10 | തൊഴിൽ നികുതി ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല. | 1-10 |
| 11 | മത്സ്യ മാർക്കറ്റ് -ലേലം വിളിച്ച മുഴുവൻ തുകയും ഈടാക്കിയില്ല. | 1-11 |
| 12 | സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നതിലെ ന്യൂനതകൾ | 1-12 |
| 13 | വിദ്യാർത്ഥികൾക്കുള്ള ഫർണീച്ചർ വിതരണം - വിതരണ വിവിരങ്ങൾ പൂർണ്ണമല്ല. | 1-13 |
| 14 | സ്കൂൾ ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ പദ്ധതി - സ്റ്റോക്കിൽ കുറവ് | 1-14 |
| 15 | വിദ്യാലയങ്ങളിൽ പ്രഭാത ഭക്ഷണ വിതരണം - മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല. | 1-15 |

| | | |
|---|---|---|
| 16 | ഉചിതമായ സമയത്ത് നടപടികൾ സ്വീകരിക്കാത്തതിനാൽ പഞ്ചായത്ത് വ്യവഹാരത്തിലേർപ്പെടേണ്ടി വരുന്നു. | 1-16 |
| 17 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ വീഴ്ച – തുക പാഴാകുന്നു. | 1-17 |
| 18 | പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സമയബന്ധിതമായി തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്നില്ല. | 1-18 |
| 19 | മരാമത്ത് പ്രവൃത്തികൾ - നിർവഹണം സംബന്ധിച്ച ഫയലുകളിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നല്ല. | 1-19 |
| 20 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റുകൾ - മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല. | 1-20 |
| 21 | കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 1-21 |
| 22 | വാഴകന്ന് വിതരണം (വനിത) – പദ്ധതി നടപ്പാക്കിയതിൽ ന്യൂനതകൾ | 1-22 |
| 23 | നടപടിക്രമങ്ങൾ പാലിക്കാതെ ദിവസവേതനത്തിൽ ജീവനക്കാരനെ നിയമിച്ചു. | 1-23 |
| 24 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 124 |
| 25 | സാന്ത്വന പരിചരണം - നൽകിയ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല | 1-25 |
| 26 | വെള്ളക്കരം സംയുക്ത പരിശോധനയ്ക്ക് ശേഷം ഡിമാന്റ് നോട്ടീസ് തുക ക്രമീകരിക്കൽ വ്യക്തതയില്ല. | 1-26 |

| | | |
|---|---|---|
| 27 | അഗതി - ആശ്രയ – വീട് ആവശ്യമായ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ പരിഗണിച്ചില്ല. | 1-27 |
| 28 | മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - തൊഴിൽ വിതരണം നീതിപൂർവമാക്കിയില്ല. | 1-28 |
| 29 | പദ്ധതി ആസൂത്രണത്തിലെയും നിർവഹണത്തിലെയും അപാകത 81 ലക്ഷത്തിലധികം സർക്കാർ ഗ്രാന്റ് ലാപ്സായി. | 1-29 |
| 30 | ലൈഫ് പദ്ധതി അവലോകനം | 1-30 |
| 31 | ഹരിതം തിരുവല്ലൂർ - അവലോകനം | 1-31 |
| 32 | സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംങ്ങ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം | 1-32 |
| | **ഭാഗം – 2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 33 | മത്സ്യ മാർക്കറ്റ് - ലേലം വിളിച്ച മുഴവൻ തുകയും ഈടാക്കിയില്ല. | 2-1 |
| | **ഭാഗം – 3**<br>**ചെലവ് – വ്യക്തമായ നഷ്ടം പ്രദിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം – 4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |

| | | |
|---|---|---|
| 34 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലേസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 38 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 39 | സ്ഥിര നിക്ഷപം | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 42 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 45 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |


# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ നം-01/315/2017-18 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 12.02.2019 തീയതിയിലെ 2/1 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 14.05.2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 71,83,395 |
| വരവ് | 9,04,69,407 |
| ആകെ | 9,76,52,802 |
| ചെലവ് | 6,69,84,650 |
| നീക്കിയിരിപ്പ് | 3,06,68,152 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 18704823 | 18704823 | 18704823 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2692106 | 2692106 | 2692106 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 124000 | 124000 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6136805 | 6136805 | 6136805 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2063959 | 2063959 | 2063959 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7259313 | 7259313 | 7259313 | 0 |
| കെ.എൽ.ജി.എസ്.ഡി.പി | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസ നിധി | | 5972 | 2282 | 8254 | 0 | 8254 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 24140819 | 24140819 | 24140819 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 279146 | 1119131 | 1398277 | 1150482 | 247795 |
| **<u>കേന്ദ്രാവിഷ്കൃത ഫണ്ടുകൾ</u>** | | | | | | |
| ഐ.സി.ഡി.എസ് | | 714654 | 862144 | 1576798 | 1500000 | 76798 |
| 'ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | | 0 | 524700 | 524700 | 0 | 524700 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 249250 | 1200000 | 1449250 | 329353 | 1119897 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 93500 | 1105000 | 1198500 | 668500 | 530000 |

| | | | | | | |
|---|---|---|---|---|---|---|
| അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 305250 | 1469922 | 1775172 | 1428881 | 346291 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 13119258 | 13119258 | 4984775 | 8134483 |
| തനത് ഫണ്ട് | കോർപ്പറേഷൻ ബാങ്ക് തനത് ഫണ്ട് | 850384.5 | 9337962 | 10188347 | 5276995 | 4911352 |
| | കോർപ്പറേഷൻ ബാങ്ക് മണൽ | 1363968 | 47968 | 1411936 | 25305 | 1386631 |
| | ട്രഷറി എക്കൌണ്ട് | 1577750 | 33891025 | 35468775 | 15264024 | 20204751 |
| | എസ്.ബി.ഐ ഇ-പേയ്മെന്റ് | 61632 | 60722 | 122354 | 0 | 122354 |
| | ട്രഷറി സ്പെഷ്യൽ ടി.എസ് .ബി ജോയിന്റ് വെഞ്ചർ-1049 | 150000 | 2823672 | 2973672 | 2097381 | 876291 |

## 1-5 പദ്ധതി അവലോകനം

2018-19 വർഷം ആകെ 211 പ്രൊജക്റ്റുകൾക്കാണ് ആസൂത്രണ സമിതി അംഗീകാരം നല്കിയിട്ടുള്ളത്. വിവിധ മേഖലകളിൽ വകയിരുത്തിയതിന്റെയും ചെലവിന്റെയും വിവരം താഴെ ചേർക്കുന്നു.

| മേഖല | ജനറൽ | എസ്.സി.പി | ടി.എസ്.പി |
|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് | വകയിരുത്തൽ | ചെലവ് |
| ഉല്പാദനം | 8124400 | 5755557 | 223691 | 135752 | 0 | 0 |
| സേവനം | 48304869 | 25014554 | 4370300 | 2451839 | 124000 | 0 |
| പശ്ചാത്തലം | 37452607 | 17077558 | 615681 | 285267 | 0 | 0 |

ആകെ 211 പ്രൊജക്ടുകളിൽ 56 എണ്ണം സ്പിൽ ഓവറുകളാണ്. ആകെ 126 എണ്ണമാണ് നടപ്പാക്കിയിട്ടുള്ളത്. നടപ്പാക്കാത്ത 85 പ്രൊജക്ടുകളിൽ 23 എണ്ണം സ്പിൽ ഓവറും 62 എണ്ണം പുതിയവയുമാണ്. പ്രോജക്ടുകൾ നടപ്പാക്കാത്തത് കാരണം, 81 ലക്ഷത്തിലധികം സർക്കാർ ഗ്രാന്റ് വിനിയോഗിക്കാനാകാതെ ലാപ്സായി പോയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കാമായിരുന്ന സർക്കാർ ഗ്രാന്റ് തുകയാണ് വിനിയോഗിക്കാത്തതിനാൽ നഷ്ടപ്പെടാനിടയായത്. കൃത്യമായ അടിസ്ഥാന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കി പ്രൊജക്ടുകൾ ആസൂത്രണം ചെയ്യാത്തതും പ്രൊജക്ടുകളുടെ എണ്ണക്കൂടുതലുമാണ് (വിശിഷ്യാ മരാമത്ത് മേഖലയിൽ) ഇതിനു കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നടപ്പാക്കാത്ത 85 പ്രൊജക്ടുകളിൽ 75 ഉം മരാമത്ത് പ്രവൃത്തികളാണ്. മരാമത്ത് മേഖലയിൽ 147 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ പകുതിയിലധികം നടപ്പാക്കാൻ സാധിച്ചിട്ടില്ല. കാർഷിക പ്രാധാന്യമുള്ള ഗ്രാമ പഞ്ചായത്തിൽ തൻവർഷം, ആകെ അംഗീകാരം ലഭിച്ച 8 പ്രൊജക്ടുകളും കൃഷിഓഫീസർ നടപ്പാക്കിയിട്ടുണ്ടെങ്കിലും കൂടുതൽ ഇടപെടൽ ആവശ്യപ്പെടുന്ന മേഖലയാണിത്. ശാസ്ത്രീയമായ കൃഷി രീതികൾ അവലംബിക്കുന്നതിനും തൊഴിലാളി ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്ന തരത്തിൽ കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നടത്തുന്നതിനും സഹായിക്കുന്ന പ്രൊജക്ടുകൾ ആവിഷ്കരിക്കപ്പെട്ടിട്ടില്ല. മാങ്ങാമൂഴി താത്ക്കാലിക തടയണ നിർമ്മാണം വഴി 400 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷിനടത്താൻ കഴിഞ്ഞതായി 2018-19 അന്തിമ പദ്ധതിരേഖയിൽ കാണുന്നു. എന്നാൽ ഓഡിറ്റിൽ ലഭ്യമാക്കിയ 2017-22 സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 298 ഹെക്ടർ മാത്രമെ തരിശുഭൂമിയുള്ളൂ. അടിസ്ഥാന വിവരങ്ങളിലെ അപാകതകൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. കാർഷിക മേഖലയിൽ തൊഴിലാളികളുടെ ലഭ്യതക്കുറവ് കാർഷിക വൃത്തിയിൽ നിന്നും കർഷകരെ അകറ്റുന്ന പൊതുവായ പ്രശ്നം ഗ്രാമപഞ്ചായത്തിലും അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം തേടുന്നതിൽ വേണ്ടത്ര വിജയിച്ചിട്ടില്ല. 2018-19 വർഷത്തെ അന്തിമ പദ്ധതി രേഖയിൽ ഇക്കാര്യം വ്യക്തമാക്കുന്നു. മുൻവർഷങ്ങളിൽ അംഗീകാരം ലഭിച്ച് പൂർത്തിയാക്കാത്തതോ പൂർത്തിയാക്കിയവയിൽ ബിൽതുക നല്കാത്തതോ ആയ പ്രൊജക്ടുകളിൽ തൻവർഷം സ്പിൽ ഓവറായി തുക നല്കേണ്ടിവന്നത് കാരണം തൻവർഷത്തെ വികസന പദ്ധതികൾക്കുള്ള പദ്ധതി പണം ആയതിന് വിനിയോഗിക്കേണ്ടിവന്നിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിലൂന്നി, സമഗ്രമായ വികസനത്തിനായി കൃത്യമായ അവസ്ഥാരേഖകളെ അടിസ്ഥാനമാക്കി പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുകയും അവ സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

# 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടത് അനിവാര്യമാണ്.

1. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകൾ നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് കമ്മിറ്റി ശ്രമം നടത്തിയിട്ടില്ല.(ഖണ്ഡിക 1-9,1-10 കാണുക)

2. കെട്ടിട നിർമ്മാണ അപേക്ഷയിന്മേൽ കൃത്യമായ പരിശോധനകൾ നടത്തുന്നതിൽ വീഴ്ച വരുത്തുന്നതിനാൽ അനധികൃത നിർമ്മാണമുണ്ടായിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നു. (ഖണ്ഡിക-1-8 കാണുക)

3. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. (ഖണ്ഡിക 1-9, 1-10കാണുക)
4. മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിന്റെ വാടക കുടിശ്ശിക വരുത്തുകയും വാടക വർദ്ധിപ്പിച്ച് കൊടുക്കാതിരിക്കുകയും ചെയ്തതുമൂലം പഞ്ചായത്തിന് അനാവശ്യമായ കേസ്സിൽ ഏർപ്പെട്ടതിന്റെയും കോടതി ചെലവും പിഴപ്പലിശയും ഉൾപ്പെടെ വലിയൊരു തുക പഞ്ചായത്തിന് നഷ്ടമാവുകയും ചെയതിട്ടുണ്ട്. (ഖണ്ഡിക 1-16 കാണുക)
5. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ചവരുത്തിയിട്ടുണ്ട്.
6. ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ജീവനക്കാർക്ക് സെക്ഷൻ ക്രമത്തിൽ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇ) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

എഫ്)ഓഫീസ് മീറ്റിംഗുകൾ പ്രതിമാസം വിളിച്ചു ചേർത്ത് ഓഫീസ് പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്.

# 1-7 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ മുഴുവനും പരിഹരിച്ചിട്ടുണ്ട്. എന്നാൽ ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികളിൽ പരാമർശിച്ച പ്രകാരം രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കുറ്റമറ്റതാക്കുകയും ഖണ്ഡി 1-6 ൽ പരാമർശിച്ച പോരായ്മകൾ പരിഹരിക്കേണ്ടതുമുണ്ട്. ഈ കാര്യങ്ങളും കൂടി പരിഗണിച്ചാണ് ഗ്രാമപഞ്ചായത്തിന് ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളത് (അനുബന്ധം കാണുക)

# 1-8 വസ്തു നികുതി -നികുതി ഒടുക്കേണ്ട എല്ലാ കെട്ടിടങ്ങളും ഡിമാന്റിൽ ഉൾപ്പെട്ടോയെന്ന് ഉറപ്പുവരുത്തിയിട്ടില്ല

സ്ഥാപനത്തിലെ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കണക്കുകളിലെ വിവിധ തലങ്ങളിലുള്ള പൊരുത്തക്കേടുകളും മറ്റ് അപാകതകളും ഇത് വ്യക്തമാക്കുന്നു.വിശദാംശം താഴെ കൊടുക്കുന്നു

__1.കെട്ടിടത്തിന്റെ എണ്ണം സംബന്ധിച്ച കണക്കുകൾ പൊരുത്തപെടുന്നില്ല__

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഓഡിറ്റ് വർഷത്തിൽ ആകെ 12359 ഡിമാന്റുകളാണുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2013-14 വർഷം മുതൽ കെട്ടിട നികുതിയുടെ അസസ്മെന്റ്, ഡിമാന്റ് കലക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് ചെയ്തു വരുന്നത്. സ്ഥാപനത്തിൽ അവസാനമായി തയ്യാറാക്കിയതും ഓഡിറ്റ് സാക്ഷ്യപ്പെടുത്തിയതുമായ ഡിമാന്റ് രജിസ്റ്റർ 2012-13 വർഷത്തേതാണ്. ഈ ഡിമാന്റ് രജിസ്റ്റർ പ്രകാരം 10994 നികുതി ഡിമാന്റുകൾ സ്ഥാപനത്തിലുണ്ടായിരുന്നു. സ്ഥാപനത്തിൽ പരിപാലിച്ചുപോന്ന ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ പരിശോധിച്ചാൽ 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിൽ ആകെ നിർമ്മിക്കപ്പെട്ട പുതിയ കെട്ടിടങ്ങൾ എത്രയെന്ന് കണ്ടെത്താവുന്നതും ഇതു പ്രകാരം നിലവിലുണ്ടാകേണ്ട ആകെ ഡിമാന്റ് എത്രയെന്ന് തിട്ടപ്പെടുത്താവുന്നതുമായിരുന്നു. എന്നാൽ മേൽ രജിസ്റ്റർ ഹാജരാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റിന്റെ കൃത്യത മേൽ രജിസ്റ്ററിന്റെ അഭാവത്തിൽ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

**2. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കുന്നില്ല.**

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല (ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്) ഇതു കൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപാനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ കണക്കാക്കിയ നികുതിക്കു പകരം കെട്ടിടത്തിനു മുഴുവൻ പുതിയ നിരക്കിൽ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താൻ കഴിയുക ഇത്തരം പരിശോധന നടത്തപ്പെടാത്തതിനാൽ നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരം 8 കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

**3.ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിച്ചിട്ടില്ല.**

ഗ്രാമപഞ്ചായത്തിൽ 2013-14 വർഷത്തിലാണ് കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി നടത്തി നികുതി പുനർ നിർണ്ണയിച്ചിട്ടുള്ളത്. 2013-14 ന് ശേഷം ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾ കണ്ടെത്തി അത്തരം കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് കാരണം നികുതി നഷ്ടം സംഭവിക്കുന്നു.

മേല്പറഞ്ഞ അപാകതകൾ നിലനിൽക്കേ ഇക്കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് മിനിട്സ് സാക്ഷ്യപ്പെടുത്തുന്നു. വസ്തുനികുതിയുടെ കാര്യത്തിൽ പിരിവ് 100% ആക്കാനുള്ള നിർദ്ദേശങ്ങളും ഇടപെടലുകളും മാത്രമാണ് ഉണ്ടായിട്ടുള്ളത്.

നികുതി പരിധിയിൽ നിന്നും കെട്ടിടങ്ങൾ ഒഴിഞ്ഞുപോകാനുള്ള സാഹചര്യം നിലനിൽക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. അപാകതകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന പരിഹാരനടപടികൾ നടപ്പിലാക്കേണ്ടതാണ്.

1. സ്ഥാപനപരിധിയിൽ നിർമ്മിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളും ഡിമാന്റിലോ, നിയമവിധേയമല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലോ ഉൾപ്പെടുത്തുന്നതിനായി ഓരോ വാർഡിലും വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥനെ ഉപയോഗപ്പെടുത്തി വിശദമായ പരിശോധന നടത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന കണക്കിൽപ്പെടാത്ത കെട്ടിടങ്ങളും കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലുകളും റഗുലറൈസ് ചെയ്യാൻ പറ്റുന്നവ അപ്രകാരം ചെയ്ത് ഡിമാന്റിലും അല്ലാത്തവ അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതാണ്. പരിശോധനയിൽ പഴയകെട്ടിടങ്ങളുടെ അസസ്മെന്റിലെ വിവരങ്ങളുമായി നിലവിലെ അവസ്ഥ താരതമ്യം

ചെയ്യേണ്ടതും കൂട്ടിച്ചേർക്കലുകളുണ്ടെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. മേൽ പരിശോധനാ ഫലവും നാളിതുവരെയുള്ള ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്ററും അടിസ്ഥാനപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ കാലികമാക്കി മാറ്റേണ്ടതും, കാലാവധിക്കുള്ളിൽ പൂർത്തീകരണ വിവരമോ പുതുക്കലോ ഇല്ലാത്ത പെർമിറ്റുകളുടെ നിജസ്ഥിതി ഇനി മുതൽ പരിശോധിച്ച്, ആവശ്യമുള്ളവയുടെ കാര്യത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.
3. അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വമുള്ള ഫീൽഡ് സ്റ്റാഫ് അതനുസരിച്ചുള്ള കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്ററാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതുമാണ്.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതും, ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നടത്തേണ്ടതുമാണ്.

## 1-9 ലൈസൻസ് - അപാകതകൾ

സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 2018-19 വർഷം വരെ സ്ഥാപന പരിധിയിൽ വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 2538 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2018-19ലെ നികുതി ഇളവ് രജിസ്റ്റർ പ്രകാരം 65 കെട്ടിടങ്ങൾക്ക് ഒഴിവായി കിടക്കുന്നതിനാൽ നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 2473 കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നതായി കാണാം. നിർമ്മിതിയുടെ സ്വഭാവമനുസരിച്ച് ഈ കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താനാണ് സാധ്യത. എന്നാൽ ഓഡിറ്റ് വർഷത്തിൽ 375 പേർക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത്രയും ലൈസൻസിന് ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങൾ 453 എണ്ണമാണെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് 2020 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു. ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർണ്ണം കാണേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 2020

കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

# **1-10** തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടില്ല

തൊഴിൽ നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി,ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിലുടമകൾ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.(ക്രമ നമ്പർ ഒന്നുപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നല്കേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും നിയമപ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

എ) സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 2538 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ഇതിൽ 65 കെട്ടിടങ്ങൾക്ക് 2018-19 വർഷത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 2473 കെട്ടിടങ്ങൾ വിവിധ ആവശ്യങ്ങൾക്ക് ഉപപയോഗപ്പെടുത്താനുള്ള സാധ്യത നിലനിൽക്കുന്നതായി

കാണാം. എന്നാൽ ടഡ്രേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 375 ഡിമാന്റുകളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ആകെ ഡി & ഒ ലൈസൻസ് അനുവദിക്കപ്പെട്ട 375 സ്ഥാപനങ്ങൾ 453 കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് അവശേഷിക്കുന്ന 2020 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു.

സി) വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട 375 സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി) ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നല്കേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്.

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

3. ട്രെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

4. മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

# 1-11 മത്സ്യ മാർക്കറ്റ് -ലേലം വിളിച്ച മുഴവൻ തുകയും ഈടാക്കിയില്ല.

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ 5ാം വാർഡിൽ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന മത്സ്യമാർക്കറ്റിന്റെ 2018-19 വർഷത്തേക്കുള്ള നടത്തിപ്പിനുള്ള ലേലം 16/03/2018 ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടന്നു. ലേലം നടത്തിയതിൽ ഉയർന്ന തുകയായ 76,000/- രൂപക്ക് ലേലം വിളിച്ച ശ്രീ സുരേഷ് ബാബു ആര്യംവള്ളി എന്നയാൾക്ക് ലേലം ഉറപ്പിക്കുകയുണ്ടായി. ഭരണസമിതിയുടെ 7/322/17-18 തീയതി- 31.03.2018 നമ്പർ തീരുമാന പ്രകാരം ലേലം അംഗീകരിച്ചു. ലേല നിബന്ധന പ്രകാരം ലേലം ഉറപ്പിച്ച തുകയുടെ മൂന്നിലൊരു ഭാഗം തുകയായ 26,000/- രൂപ 16/03/2018 ന് ഗ്രാമപഞ്ചായത്തിൽ അടവാക്കി (റസീറ്റ് നം-117080500036/ 16.03.18). മത്സ്യ വില്പനക്ക് 51/18-19 നമ്പർ പ്രകാരം 23.05.2018 ന് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചു.

ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾകാണുന്നു.

1. ലേല രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
2. ലേലം കൊണ്ട ആളുമായി നിയമാനുസൃതം പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല.
3. ലേലം കൊണ്ട സമയത്ത് അടവാക്കിയ 26,000/- രൂപ അടവാക്കിയതല്ലാതെ ബാക്കി തുകയായ 50,000/- രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

ലേലം കൊണ്ട വ്യക്തിയുമായി നിയമാനുസൃതം കരാറിൽ ഏർപ്പെടാത്തത് കാരണം ബാക്കി തുക ഈടാക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന 50,000/- രൂപ ഇതുമൂലം നഷ്ടമായി. തുക ഈടാക്കാൻ നടപടികൾ കൈകൊള്ളേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദികളായ സെക്ഷൻ ക്ലാർക്ക്, സെക്രട്ടറി എന്നിവരിൽ നിന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-12 സൂട്ട് രജിസ്റ്റർ പരിപാലിക്കുന്നതിലെ ന്യൂനതകൾ .

പഞ്ചായത്ത് കക്ഷിയായ കേസുകളെ സംബന്ധിച്ചുള്ള ഒരു സ്യൂട്ട് രജിസ്റ്റർ സൂക്ഷിച്ച് വരുന്നുണ്ട്. എന്നാൽ ആയത് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുവാൻ കഴിഞ്ഞു.

1. സ്യൂട്ട് രജിസ്റ്ററിൽ പല സ്ഥലങ്ങളിലും കേസ് ഡിസ്പോസ്ഡ് എന്നെഴുതിയതല്ലാതെ കേസ്

എപ്രകാരമാണ് ഡിസ്പോസ് ചെയ്തത് എന്ന് വ്യക്തമല്ല. (ആർക്ക് അനുകൂലമായാണ് വിധി എന്നോ വക്കീലിനെ നിയമിച്ചിട്ടുണ്ടോ വക്കീൽ ഫീസ് നൽകിയിട്ടുണ്ടോ എന്നീ വിവരങ്ങളൊന്നും വ്യക്തമല്ല. (ഉദാ- പേജ്-1-ൽ O.P.No.1274/09 ശ്രീമതി മഹീജ, O.P.No.1152/10 ശ്രീ സുരേഷ്കുമാർ)

2. രജിസ്റ്ററിലെ പേജ് നമ്പർ 15 -ൽ ക്രമനമ്പർ 6-ൽ Rep/26/17 ആയി ചാത്തു എന്നവർ ഫയലാക്കിയ ഒരു കേസ് വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ കോടതിയുടെ പേര് ചേർത്തിട്ടില്ല. കേസ് നിലവിലുണ്ടോ തീർപ്പാക്കിയോ എന്നും വ്യക്തമല്ല.

3. പേജ് 13-ൽ അഷ്റഫ് എടക്കണ്ടിയിൽ കേരള ഹൈക്കോടതിയിൽ സമർപ്പിച്ച ഹരജി എന്ന് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. കേസിന്റെ നമ്പർ, നിജ സ്ഥിതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇതേ പേജിൽ പുതുയോട്ടിൽ മമ്മി അനധികൃത നിർമ്മാണം സംബന്ധിച്ച കേസ് ഫയൽ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. (കേസ് നമ്പർ, കോടതി, നിലവിലെ സ്ഥിതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല).

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-24/18-19, തീയതി-22.02.20) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് കക്ഷിയായ എല്ലാ കേസുകളുടേയും വിവരങ്ങൾ ചേർത്ത് സ്യൂട്ട് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-13 വിദ്യാർത്ഥികൾക്കുള്ള ഫർണിച്ചർ വിതരണം-വിതരണ വിവരങ്ങൾ പൂർണ്ണമല്ല.

പ്രൊജക്റ്റ് നമ്പർ : 131/19
നിർവ്വഹണം : ഹെഡ് മാസ്റ്റർ
അടങ്കൽ : 200000/-

ചെലവ് : 199939/-

ബിൽ നമ്പർ : 5/28.01.2019

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 40 വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്യുന്നതാണ് പദ്ധതി. കേരള ആർട്ടിസൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നുമാണ് 40 മേശ, കസേരകൾ വാങ്ങിയത്. വിതരണ രജിസ്റ്റർ പ്രകാരം 36 മേശ, കസേരകൾ മാത്രമേ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി കാണുന്നുള്ളൂ.

ഗുണഭോക്താക്കളുടെ അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ച് അർഹതാ മാനദണ്ഡം പാലിച്ചുവെന്ന് ഉറപ്പ് വരുത്തിയാണ് ആവശ്യകതക്കനുസരിച്ച് സപ്ലൈ ഓർഡർ നൽകേണ്ടിയിരുന്നത്. അതിനു പകരം 40 എണ്ണം വിതരണം ചെയ്യുന്നതിനുള്ള ഓർഡർ നൽകുകയാണ് ചെയ്തത്. അപ്രകാരം വാങ്ങി വിതരണം ചെയ്തതിൽ 4 മേശ, കസേര എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ ന്യൂനത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-10/18-19, തീയതി-22.02.20) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ വിവരം ലഭ്യമല്ലാത്ത നാല് മേശ, കസേര എന്നിവയുടെ വിലയായ 19,994/- രൂപ (4998.47x4) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 സ്കൂൾ ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ പദ്ധതി-സ്റ്റോക്കിൽ കുറവ്

പ്രൊജക്റ്റ് നമ്പർ – 128/18-19

നിർവ്വഹണം – ഹെഡ്മാസ്റ്റർ

വകയിരുത്തിയ തുക – 100000 (വികസന ഫണ്ട്-100000)

ചെലവുതുക – 100000

ബിൽ നം – 10/23.03.19 (1ലക്ഷം)

മേൽ പദ്ധതി പ്രകാരം മൂന്ന് സർക്കാർ സ്കൂളുകൾക്കായി ഒരു ലക്ഷം രൂപ ചെലവഴിച്ച് "കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ" നിന്നും സെക്രട്ടറി പുസ്തകങ്ങൾ വാങ്ങിയിരുന്നു. ഒരു ലക്ഷം മൂല്യമുള്ള പുസ്തകങ്ങൾക്ക് പർച്ചേസ് ഓർഡർ നൽകിയതിൽ പുസ്തകത്തിന്റെ വിലയിന്മേൽ ഡിസ്കൗണ്ട് ലഭിച്ചതിനാൽ 1,42,879/- രൂപയുടെ വിലയുള്ള പുസ്തകങ്ങളാണ് ലഭിച്ചത്. വാങ്ങിയ പുസ്തകങ്ങളുടെ ഇൻവോയ്സ് പ്രകാരം ക്രമ നമ്പർ 116 മുതൽ 441 വരെയുള്ള 326 പുസ്തകങ്ങൾ 'ടി.ജി.പി.ജി.യു.പി (പൈങ്ങോട്ടായി) സ്കൂളിനാണ് വിതരണം ചെയ്തതെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചുണ്ട്. മേൽ പറഞ്ഞ 326 എണ്ണം പുസ്തകങ്ങൾ 'ടി.ജി.പി.ജി.യു.പി സ്കൂളിന് നിർവ്വഹണോദ്യോഗസ്ഥൻ കൈമാറിയതായോ പ്രസ്തുത സ്കൂൾ എച്ച്.എം 326 എണ്ണം കൈപ്പറ്റിയതോ ആയ രേഖകൾ ഇല്ല. മേൽപറഞ്ഞ സർക്കാർ സ്കൂളിലെ പുസ്തകത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 32 പുസ്തകങ്ങളുടെ കുറവ് വന്നതായി കാണുകയുണ്ടായി. മുഴവൻ പുസ്തകങ്ങളും സ്റ്റോക്കിൽ കാണാത്തതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-6/18-19, തീയതി-20.02.20) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 വിദ്യാലയങ്ങളിൽ പ്രഭാത ഭക്ഷണ വിതരണം -മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല

പദ്ധതി നമ്പർ : 126/19

അടങ്കൽ : 175309 (വികസനഫണ്ട്)

: 691 (തനത്ഫണ്ട്)

ചെലവ് : 176000/-

നിർവ്വഹണം : ഹെഡ് മാസ്റ്റർ

| ബിൽ നമ്പർ | തുക |
|---|---|
| 3/11.10.18 | 75250 |

4/23.11.18 63500

6/7.3.19 36559

തനത് ഫണ്ട് 691

ആകെ 176000

പഞ്ചായത്ത് പരിധിയിലെ വിദ്യാലയങ്ങളിൽ പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്നതാണ് പദ്ധതി. 3 സർക്കാർ സ്കൂളുകളും 19 എയ്ഡഡ് സ്കൂളുകളും ഉൾപ്പടെ 22 സ്കൂളുകൾക്ക് പഞ്ചായത്ത് ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോർ വഴി പ്രഭാത ഭക്ഷണത്തിനായി ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

സർക്കാരിന്റെ 29.11.2018 ലെ സ.ഉ(കൈ) നമ്പർ 11/2018 തസ്വഭവ ഉത്തരവിലെ ഖണ്ഡിക 7.6.7 പ്രകാരം സർക്കാർ സ്കൂളിലെ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനേ അനുമതിയുള്ളൂ. എയ്ഡഡ് സ്കൂളുകൾക്ക് പ്രഭാത ഭക്ഷണത്തിനുള്ള ചെലവ് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതിന് വ്യവസ്ഥയില്ല.

മേൽ പറഞ്ഞ രീതിയിൽ സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് അനുസരിച്ച് പദ്ധതി നിർവ്വഹണം നടത്താതിരുന്നതിന് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-11/18-19, തിയതി.22.02.20) മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവിന് പാലിക്കാതെ പദ്ധതി നടപ്പാക്കിയതിനാൽ വിവിധ എയ്ഡഡ് സ്കൂളുകൾക്ക് വിതരണം ചെയ്ത ഭക്ഷ്യ ധാന്യങ്ങളുടെ വിലയായ ( 3325kg - 625kg = 2700 x 52.93 = 142911) 142911/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-16 ഉചിതമായ സമയത്ത് നടപടികൾ സ്വീകരിക്കാത്തതിനാൽ പഞ്ചായത്ത് വ്യവഹാരത്തിലേർപ്പെടേണ്ടി വരുന്നു

കോട്ടപ്പള്ളി ടൗണിൽ ഗ്രാമപഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോർ നടത്താൻ വെളുത്ത പറമ്പത്ത് കുഞ്ഞിരാമൻ എന്നവരിൽ നിന്നും 4 മുറികൾ (TGP III/ 372D, 372C, 372X, 372Y) 7.11.13 മുതൽ 12 മാസത്തേക്ക് വാടകക്ക് ഏറ്റെടുക്കുകയും ഇതുമായി ബന്ധപ്പെട്ട് 22.11.13 ന് ഇരു പാർട്ടികളും വാടക കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ഏറ്റെടുത്ത സമയത്ത് മാസവാടക 3390/-രൂപയായിരുന്നു. കരാർ കാലാവധിക്ക് ശേഷവും പഞ്ചായത്ത് മുറികൾ തുടർന്ന് ഉപയോഗിക്കുകയാണെങ്കിൽ 5% വർദ്ധനവ് വരുത്തി വാടക നൽകുന്നതിന് നിബന്ധനയുള്ളതുമാകുന്നു. എന്നാൽ പ്രസ്തുത വർദ്ധനവ് വരുത്തിയില്ല എന്ന് പറഞ്ഞ് കെട്ടിട ഉടമ 10.07.2015 -ന് കത്ത് നൽകുകയും പലതവണകളായി വാടക എഗ്രിമെന്റ് പ്രകാരം വാടക വർദ്ധിപ്പിക്കാൻ പഞ്ചായത്തിനെ സമീപിച്ചു. തുടർന്ന് 16.11.2016 -ന് കെട്ടിട ഉടമ വക്കീൽ മുഖേന നോട്ടീസ് അയക്കുകയും ചെയ്തു. എന്നിട്ടും പഞ്ചായത്ത് വാടക കൂട്ടി നൽകാതിരിക്കുകയും 2016 ജൂലായ് മുതൽ വാടക കുടിശ്ശിക വരുത്തുകയും ചെയ്തതിനാൽ കെട്ടിട ഉടമ വടകര മുൻസിഫ് കോടതിയിൽ RCP.26/17 നമ്പറായി കേസ്സ് ഫയൽ ചെയ്യുകയും 24.1.19 -ന് അനുകൂല വിധി സമ്പാദിക്കുകയും ചെയ്തിരുന്നു. പ്രസ്തുത വിധിക്കെതിരെ ഫയൽ ചെയ്ത പഞ്ചായത്ത് അപ്പീൽ

ഇപ്പോൾ പരിഗണനയിലാണ്. അപ്പീൽ നിലവിലിരിക്കെ മീഡിയേഷന് കോടതി അയച്ചിട്ടുള്ളതും 1.2.2020ലെ പഞ്ചായത്തിന്റെ അടിയന്തിര യോഗത്തിന്റെ നോട്ടീസ് പ്രകാരം വാടക വർദ്ധിപ്പിച്ച് നൽകുവാനായി എൽ.എസ്.ജി.ഡി എൻജിനീയറിൽ നിന്നും റിപ്പോർട്ട് തേടിയിരിക്കുകയാണ്.

മേൽ പറഞ്ഞ നടപടി ക്രമങ്ങളിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

വാടക കരാർ 12 മാസത്തേക്കാണെന്നിരിക്കെ 7.11.2014 മുതൽ ആയത് ദീർഘിപ്പിക്കുവാനുള്ള വേണ്ട നടപടികൾ പഞ്ചായത്ത് കൈക്കൊണ്ടില്ല. മാത്രവുമല്ല കരാറിൽ 7.11.14 മുതൽ പ്രതിവർഷം നിലവിലെ വാടകയുടെ 5% വർദ്ധനവ് വരുത്തേണ്ടതാണെന്നിരിക്കെ ആയത് പഞ്ചായത്ത് വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. 2016 ജൂലൈ മുതൽ വാടക കുടിശ്ശികയാക്കിയതിനാൽ ചലാൻ പ്രകാരം 15/2/19 -ന് 125769/- രൂപ കോടതിയിൽ 6% പലിശ സഹിതം അടക്കേണ്ടി വന്നു. കേസ് ആവശ്യാർത്ഥം ചെലവായ തുകയുടെ കൃത്യത സ്യൂട്ട് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല.

കൃത്യസമയത്ത് ഉചിതമായ നടപടികൾ ക്രമപ്രകാരം സ്വീകരിച്ചിരുന്നുവെങ്കിൽ വക്കീൽ ഫീസിനത്തിലും കോടതി ചെലവിനത്തിലും ഉണ്ടായ അനാവശ്യ സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കാൻ കഴിയുമായിരുന്നു. കൂടാതെ ദീർഘകാലം പഞ്ചായത്തിൽ അനാവശ്യമായ ജോലിഭാരം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം-12/18-19, തിയ്യതി-22.02.20 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേസിന്റെ തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 1-17 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിൽ വീഴ്ച- തുക പാഴാകുന്നു

2018-19 സാമ്പത്തിക വർഷത്തിൽ ആകെ 147 പദ്ധതികളാണ് അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കാൻ അനുമതി വാങ്ങിയിട്ടുള്ളത്. ഇതിൽ 85 പുതിയ പദ്ധതികളും 62 സ്പിൽഓവർ പദ്ധതികളും ഉൾപ്പെടുന്നു. ആയതിലേക്ക് വിവിധ ഫണ്ടുകളിൽനിന്നായി 4.85 കോടി രൂപ വകയിരുത്തിയതിൽ 1.98 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷം ചെലവഴിക്കാനായത് (40.82% മാത്രം). പുതിയ പ്രോജക്ടുകളിൽ 52 എണ്ണത്തിന് തുകയൊന്നും വിനിയോഗിക്കാൻ കഴിയാതെ വന്നപ്പോൾ സ്പിൽഓവർ പ്രോജക്ടുകളുടെ കാര്യത്തിൽ ഇത് 23 എണ്ണമാണ്. നിർവ്വഹണത്തിലെ പിഴവുമൂലം താഴെപ്പറയുന്ന വിവിധ സർക്കാർ ഫണ്ടിനങ്ങളിൽ വകയിരുത്തിയ തുക വിനിയോഗിക്കാൻ പഞ്ചായത്തിനായിട്ടില്ല.

| ഫണ്ടിനം | മരാമത്ത് പ്രവർത്തികൾക്ക് വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 5691432 | 2976330 | 2715102 |

| | | | |
|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 611731 | 285267 | 326464 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 16644885 | 7223198 | 9421687 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 15045000 | 6136805 | 8908195 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3834845 | 708855 | 3125990 |
| ആകെ | 41827893 | 17330455 | 21684438 |

ഇപ്രകാരം ചെലവഴിക്കാൻ കഴിയാത്ത 2.17 കോടി രൂപ സ്പിൽഓവർ പദ്ധതികൾക്കുൾപ്പെടെയുള്ളതും തൻവർഷ ബജറ്റ് അലോട്ട്മെന്റ് പ്രകാരം യഥാർത്ഥത്തിൽ ലഭ്യമല്ലാത്ത തുകകൂടി ഉൾപ്പെടുന്നതാകയാൽ അത്രയും തുക നഷ്ടമായെന്ന് വിലയിരുത്താനാവില്ല. എന്നാൽ യഥാർത്ഥ ബജറ്റ് അലോട്ട്മെന്റിൽ ചെലവഴിക്കാതെ തൻവർഷം 81 ലക്ഷത്തിൽപ്പരം രൂപ നഷ്ടമായതിൽ പ്രധാന പങ്ക് മരാമത്ത് മേഖലയ്ക്കാണെന്ന കാണാം. പഞ്ചായത്തിൽ ഓഡിറ്റ് വർഷം അനുമതി ലഭിച്ച പദ്ധതികളിൽ നടപ്പിലാക്കാത്ത 85 പദ്ധതികളിൽ 75 എണ്ണവും മരാമത്ത് പ്രവർത്തികളാണ് എന്നത് ഇതിന് തെളിവാണ്. ഈ കാലയളവിൽ അനുമതി ലഭിച്ച് നടപ്പിലാക്കാനുണ്ടായിരുന്ന 62 സ്പിൽഓവർ പ്രോജക്ടുകളിൽ 39 എണ്ണം മാത്രമാണ് ഓഡിറ്റ് വർഷത്തിൽ പൂർത്തീകരിച്ചത്. 23 സ്പിൽഓവർ പദ്ധതികൾക്ക് തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. പദ്ധതി നിർവ്വഹണത്തിലെ സമയബന്ധിതമായ പ്രവർത്തനങ്ങളുടെ അഭാവമാണ് ടി അപാകതക്ക് കാരണം എന്ന് രേഖകൾ വ്യക്തമാക്കുന്നു. വാർഷിക പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം ലഭിച്ചതിന് ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുവരെ വന്ന കാലതാമസം, സാങ്കേതികാനുമതി ലഭിച്ച പദ്ധതികൾ കരാറുകാരെ/നിർവ്വഹണ ഏജൻസിയെ ഏൽപ്പിക്കുന്നതിൽ വന്ന കാലതാമസം എന്നിവയാണ് മേൽ സാഹചര്യത്തിന് പ്രധാന കാരണങ്ങൾ. അടങ്കൽ തുക ചെറുതാകുന്നത് കാരണം ടെണ്ടറുകളിൽ മത്സരം ഉറപ്പ് വരുത്താൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പ്രോജക്ടുകളുടെ ആസൂത്രണത്തിലും സമയബന്ധിതമായ നിർവ്വഹണം ഉറപ്പ് വരുത്തുന്നതിനും ഉത്തരവാദിത്തപ്പെട്ടത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. എന്നാൽ നിർവ്വഹണം സമയബന്ധിതമാണോയെന്നും സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കപ്പെടുമോ എന്നതും കമ്മിറ്റി വിലയിരുത്തിക്കാണുന്നില്ല. കൂടാതെ നിർവ്വഹണത്തിന് തടസ്സമാകുന്ന കാര്യങ്ങൾ ചർച്ച ചെയ്യുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നിർവ്വഹണോദ്യോഗസ്ഥന് നല്കുകയോ ചെയ്യുന്നില്ല. ഒരു യോഗത്തിലും നിർവ്വഹണം വേഗത്തിലാക്കാനും സമയപരിധി നിർദ്ദേശിക്കാനും കമ്മിറ്റി ശ്രമിച്ചിട്ടില്ല. ഡി.പി.സി അംഗീകാരം മുതൽ പ്രോജക്ടുകളുടെ നിർവ്വഹണം വരെയുള്ള വിവിധ ഘട്ടങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നെങ്കിൽ മേൽപ്പറഞ്ഞ തരത്തിലുള്ള കാലവിളംബവും അതുവഴിയുള്ള ധനനഷ്ടവും ഒഴിവാക്കാമായിരുന്നു. നിർവ്വഹണത്തിലെ വീഴ്ചമൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് വിശദീകരണം നൽകേണ്ടതാണ്. അപാകത ഭാവിയിൽ ഒഴിവാക്കാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന പ്രോജക്ടുകൾ പ്രാധാന്യമനുസരിച്ച് നിർവ്വഹണത്തിന് മുൻഗുക്കം കൊടുക്കേണ്ടതും അവ എല്ലാ തരത്തിലും പൂർണ്ണമായിരിക്കേണ്ടതുമാണ്. പരിമിതമായ ഫണ്ട് വകയിരുത്തി അപൂർണ്ണമായി പ്രോജക്ടുകൾ തയ്യാറാക്കുന്നത്, ലക്ഷ്യപ്രാപ്തി കൈവരിക്കാൻ തടസ്സമാകുന്നതിനൊപ്പം പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിനും ആത്യന്തികമായി ധനനഷ്ടത്തിനും ഇടയാക്കും.
2. പഞ്ചായത്തിന് ലഭ്യമായ ധന-മനുഷ്യ വിഭവങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതാണ്.
3. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി, നിയമങ്ങളും ചട്ടങ്ങളും തങ്ങളിലേൽപ്പിച്ച ചുമതലകൾ തിരിച്ചറിഞ്ഞ് ഇടപെടലുകൾ നടത്തേണ്ടതും, ആസൂത്രണം മുതൽ പദ്ധതി നിർവ്വഹണം വരെയുള്ള സമയബന്ധിതമായ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-18 പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സമയബന്ധിതമായി തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുന്നില്ല- ഗ്രാന്റിനത്തിൽ പഞ്ചായത്തിന് നഷ്ടം

ഓഡിറ്റ് വർഷത്തിൽ അസി. എഞ്ചിനീയർ നിർവ്വഹണം നടത്തി ചെലവ് രേഖപ്പെടുത്തിയ സ്പിൽഓവർ പദ്ധതികളിൽ ചിലത് 2017-18 സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിക്കപ്പെട്ടവയാണ്. എന്നാൽ ഇവ 2018-19 സാമ്പത്തിക വർഷത്തിൽ സ്പിൽഓവർ പ്രോജക്ടുകളായി തുക വകയിരുത്തിയാണ് ചെലവ് ചെയ്തിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു :

| | | |
|---|---|---|
| 82/17-18<br>(145/18-19)<br>കാവുംകുനി കോളനി റോഡ് | 12.02.2018 | 285267/- രൂപ<br>ബിൽ നം.04/18-19, തീ.22.05.18 |
| 85/17-18<br>(146/18-19)<br>പുനത്തിൻതാഴ മണപ്പുറത്ത് റോഡ് | 26.03.2018 | 471716/- രൂപ<br>ബിൽ നം.05/18-19, തീ.22.05.18 |
| 164/17-18<br>(144/18-19) | 27.03.2018 | 98000/- രൂപ<br>ബിൽ നം.06/18-19, |

| | | |
|---|---|---|
| കോട്ടപ്പള്ളി ടൗൺ ലിങ്ക് റോഡ് | | തീ.22.05.18 |

പ്രവൃത്തികൾ പൂർത്തീകരിക്കപ്പെട്ടിട്ടും യഥാസമയം ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കാത്തതിനാൽ 2017-18 വർഷം അത്രയും തുക വിവിധ ഗ്രാന്റിനത്തിൽ പഞ്ചായത്തിന് നഷ്ടമാകുകയും 2018-19 വർഷം മേൽ ചെലവ് വഹിക്കുന്നതിനായി തൻവർഷത്തെ ഗ്രാന്റിൽ നിന്നും തുക കണ്ടെത്തിയതിനാൽ ടി വർഷം പുതിയ പ്രോജക്ടുകൾക്ക് ഇത്രയും തുക കുറവാകുകയും ചെയ്തു.

പ്രസ്തുത അപാകതയുടെ സാഹചര്യം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.3/18-19/ 20.02.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബില്ലുകൾ യഥാസമയം ട്രഷറിയിൽ ഹാജരാക്കാതെ വിവിധ ഗ്രാന്റിനത്തിൽ പഞ്ചായത്തിന് നഷ്ടം വരുത്തിയതിന് വിശദീകരണം നൽകുന്നതിനോടൊപ്പം ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **1-19** മരാമത്ത് പ്രവൃത്തികൾ - നിർവ്വഹണം സംബന്ധിച്ച ഫയലുകളിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല

സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, പല ഫയലുകളിലും ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല എന്ന് കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

1. <u>പ്രിലിമിനറി/ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ കൂടെ അടിസ്ഥാന രേഖകളില്ല</u>

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി തീ.01.02.2012 പാർട്ട് 2 സെക്ഷൻ 1601.1.1, 1601.1.2 എന്നിവ പ്രകാരം പ്രിലിമിനറി/ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ കൂടെ പ്രവൃത്തിയുടെ സ്പെസിഫിക്കേഷൻ, ആവശ്യകത എന്നിവ ഉൾപ്പെടെ പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തണം. ഇങ്ങനെ തയ്യാറാക്കി സമർപ്പിക്കേണ്ട അടിസ്ഥാന രേഖകളിൽ സൈറ്റ് കണ്ടീഷൻ, സൈറ്റ് പ്ലാൻ, ലേ ഔട്ട്, ഡ്രോയിംഗ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഉൾപ്പെടുന്നു. ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പിലാക്കിയ പല പൊതുമരാമത്ത് പദ്ധതികളുടെയും എസ്റ്റിമേറ്റിന്റെ കൂടെ, പ്രത്യേകിച്ച് സ്പിൽഓവർ പ്രവൃത്തികളുടെ കാര്യത്തിൽ പലതിലും മേൽ പറഞ്ഞ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

2. പ്രവൃത്തിയെ സംബന്ധിച്ച് കൃത്യമായ ചിത്രം ലഭിക്കുന്നതും അതനുസരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതും വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ പല പ്രവൃത്തി ഫയലുകളിലും എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമല്ല. 2012ലെ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വലിൽ സെക്ഷൻ 1601.1.2(ii)ൽ പുതിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ കാര്യവും സെക്ഷൻ 2601 മുതലുള്ള ഭാഗത്ത് മെയിന്റനൻസ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ കാര്യവും പ്രതിപാദിക്കുന്നു. എന്നാൽ ഓഡിറ്റ് വർഷത്തിൽ, പ്രധാനമായും, റോഡ് പ്രവൃത്തികളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത ഈ റിപ്പോർട്ടുകൾ നല്കുന്നില്ല:

i) റോഡുകളുടെ ആകെ നീളവും, എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ

ii) അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താൻ ഉദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ

iii) പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും

iv) പ്രവൃത്തി നടത്താൻ ഉദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം (ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ നടത്തിയവ ഉൾപ്പെടെ)

v) പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയത് സംബന്ധിച്ച വിവരങ്ങൾ

vi) പ്രവൃത്തി പൂർത്തിയാക്കാനുദ്ദേശിക്കുന്ന കാലയളവ്

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 സിമന്റ് കോൺക്രീറ്റ് പേവ്മെന്റുകൾ -മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമല്ല

2018-19 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ റോഡുകളിൽ ചിലത് പൂർണ്ണമായോ ഭാഗികമായോ സിമന്റ് കോൺക്രീറ്റ് പേവ്മെന്റുകളാണ്. പ്രവൃത്തികളിലെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻേഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന coarse aggregate 25 mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 mm aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം

അർഹിക്കുന്നു. ഡാറ്റാ 11.4.3.1 പ്രകാരം നിർമ്മിക്കപ്പെട്ട ചില റോഡുകളുടെ വിവരം താഴെ കൊടുക്കുന്നു :

| ക്രമ നം. | പ്രോജക്ട് നം./പേര് | ചെലവ് തുക |
|---|---|---|
| 1 | 13/18-19 – കോറോത്ത് കണ്ടത്തിൽ മുക്ക്-ഭജലമഠം റോഡ് കോൺക്രീറ്റ് | 215000 |
| 2 | 69/18-19 – പാലോളി സ്കൂൾ-അംഗനവാടി റോഡ് കോൺക്രീറ്റ് | 170850 |
| 3 | 72/18-19 – ലക്ഷംവീട്-ചപ്പൊയിൽ മുക്ക് റോഡ് കോൺക്രീറ്റ് | 343885 |
| 4 | 79/18-19 – ചാലിക്കണ്ടി-ആലിച്ചേരിക്കടവ് റോഡ് കോൺക്രീറ്റ് | 279870 |
| 5 | 144/18-19 - കോട്ടപ്പള്ളി ടൗൺ ലിങ്ക് റോഡ് കോൺക്രീറ്റ് | 100000 |
| 6 | 199/18-19 – കോംവെള്ളി റോഡ് കോൺക്രീറ്റ് | 191715 |
| 7 | 219/18-19 – എടക്കണ്ടിതാഴ മാങ്ങോട് ഭജനമഠം റോട് കോൺക്രീറ്റ് | 158538 |
| 8 | 220/18-19–നൊച്ചോടിതാഴെ പുളിയത്തിങ്കൾആലിച്ചേരിക്കടവ്റോഡ് | 99990 |

കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/18-19/20.02.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകുന്നതിനോടൊപ്പം ഇത് ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റം എസ്റ്റിമേറ്റിൽ പ്രതിഫലിച്ചില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 19.09.2017 ലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോട്, വടകര, നാദാപുരം മേഖലകളിൽ ബാധകമാക്കിക്കൊണ്ട് കോസ്റ്റ് ഇൻഡക്സ് പുനർ നിർണ്ണയിച്ചിട്ടുണ്ട്. ആയത് യഥാക്രമം 37.25%, 38.24%, 39.22% എന്നിങ്ങനെയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച ചില സ്പിൽഓവർ പ്രവൃത്തികളിൽ പഴയ നിരക്കായ 42.16% കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് സാങ്കേതികാനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ ഏൽപ്പിച്ചുകൊടുത്തിരിക്കുന്നത് പ്രാബല്യ തീയതി കഴിഞ്ഞാണ്. ആയതിനാൽ കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ് വരുത്തണമായിരുന്നു. 1.10.2017നു ശേഷം കരാർ ചമച്ച്, പ്രവൃത്തി ഏറ്റെടുത്ത് പൂർത്തിയാക്കിയതും 38.24%നു പകരം 42.16% കോസ്റ്റ് ഇൻഡക്സിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതുമായ താഴെപ്പറയുന്ന പ്രോജക്ടുകളിൽ അധികതുക കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | കരാർ തീയതി | ആകെ ചെലവ് (രൂ.) | അവസാന ബിൽ വിവരം | പ്രവൃത്തി പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 144/18-19<br>കോട്ടപ്പള്ളി ടൗൺ ലിങ്ക് റോഡ് കോൺക്രീറ്റ് | 13.03.18 | 100000 | 98000 രൂപ<br>ബിൽ നം.6/18-19, തീ.22.5.18 | 27.03.2018 |
| 2 | 158/18-19<br>കപ്പറമ്പത്ത് പാറ-കോട്ടപ്പള്ളിറോഡ് ടാറിംഗ് | 31.03.18 | 494671 | 445053 രൂപ<br>ബിൽ നം.10/18-19, തീ.23.8.18 | 16.04.2018 |
| 3 | 180/18-19<br>വലിയപറമ്പത്ത് മുക്ക്-വാഴേരി താഴക്കുനി റോഡ് | 15.03.18 | 487017 | 470260 രൂപ<br>ബിൽ നം.11/18-19, തീ.29.9.18 | 16.04.2018 |
| 4 | 153/18-19<br>ആച്ചേരി താഴ-വാടിയിൽ ലക്ഷംവീട് റോഡ് | 31.03.18 | 499146 | 445000 രൂപ<br>ബിൽ നം.6/18-19, തീ.29.9.18 | 14.05.2018 |
| 5 | 151/18-19<br>പയംപള്ളിതാഴ-കോംപ്പാണ്ടി റോഡ് | 31.03.18 | 500000 | 490000 രൂപ<br>ബിൽ നം.6/18-19, തീ.29.9.18 | 16.04.2018 |
| 6 | 154/18-19<br>വെള്ളക്കരപാലം-കോട്ടോൻമുക്ക് റോഡ് | 31.03.18 | 460764 | 445392 രൂപ<br>ബിൽ നം.6/18-19, തീ.06.3.18 | 16.04.2018 |
| 7 | 179/18-19<br>കൊയിലോത്ത് താഴെ-തോടന്നൂർ യു.പി.സ്കൂൾ റോഡ് | 31.03.18 | 500000 | 475000 രൂപ<br>ബിൽ നം.6/18-19, തീ.30.1.19 | 22.01.2019 |
| 8 | 162/18-19<br>അണ്ടിമല മുക്ക്-പോതിക്കുളം | 31.03.18 | 197792 | 178022 രൂപ<br>ബിൽ | 13.03.2018 |

| | | | | | |
|---|---|---|---|---|---|
| | റോഡ്-പൂവ്വോട് അംഗൻവാടി റോഡ് | | | നം.6/18-19, തീ.6.3.19 | |
| 9 | 177/18-19<br>മരക്കാംപറമ്പത്ത് മുക്ക്-കോട്ടയുള്ള പറമ്പത്ത് പള്ളി റോഡ് | 31.03.18 | 499915 | 475000 രൂപ<br>ബിൽ നം.6/18-19, തീ.30.1.19 | 31.12.2018 |
| 10 | 187/18-19<br>മൃഗാശുപത്രി നവീകരണം | 31.03.18 | 249324 | 246831 രൂപ<br>ബിൽ നം.50/18-19, തീ. 15.3.19 | 28.12.2018 |
| 11 | 163/18-19<br>പുലക്കുന്ന്-ചാലിൽമുക്ക് റോഡ് | 31.03.18 | 181255 | 178187 രൂപ<br>ബിൽ നം.47/18-19, തീ. 06.3.19 | 05.01.2019 |
| 12 | 173/18-19<br>വള്ള്യാട്-കുത്ത്പറമ്പ് ഈസ്റ്റ് എൽ.പി.എസ് റോഡ് | 31.03.18 | 499291 | 475007 രൂപ<br>ബിൽ നം.50/18-19, തീ. 29.9.18 | 17.05.2018 |
| 13 | 156/18-19<br>തറവട്ടംകുന്ന്-പാലോറമല റോഡ് | 31.03.18 | 455949 | 445440 രൂപ<br>ബിൽ നം.56/18-19, തീ. 22.3.19 | 4.02.2019 |
| 14 | 65/18-19<br>പാലയാട്ട് മുക്ക്-ഒന്തത്ത്മുക്ക് റോഡ് | 16.04.18 | 143999 | 142559 രൂപ<br>ബിൽ നം.54/18-19, തീ. 22.3.19 | 4.02.2019 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അധികം നൽകിയ തുക നിർണയിച്ച് തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-22 വാഴകന്ന് വിതരണം (വനിത)-പദ്ധതി

## നടപ്പാക്കിയതിൽ ന്യൂനതകൾ

പ്രൊജക്റ്റ് നമ്പർ :48/19

അടങ്കൽ :390000/-(വികസന ഫണ്ട്)

ചെലവ് : 390000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

ചെറുകിട നാമമാത്രമായ കർഷകർ, ജെ.എൽ.സി ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്കാണ് വാഴകന്നുകൾ വിതരണം ചെയ്യുന്നതിന് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം താമരശ്ശേരിയിലെ വി.എഫ്.പി.സി.കെ എന്ന സ്ഥാപനത്തിൽ നിന്നും (Invoice No VFPCK/KKD/ 18-19/015 dtd 19.11.18) 24375 നേന്ത്രവാഴ കന്നുകൾ 3,90,000/- രൂപക്ക് വാങ്ങുകയുണ്ടായി. 2018-19 -ലെ ഗുണഭോക്തൃ പട്ടികയിൽ ആകെ ഉള്ള 236 പേർക്ക് ശരാശരി 105 എണ്ണം വീതം തൈകൾ വിതരണം നടത്തിയതായുള്ള കൈപ്പറ്റ് രേഖയും ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1. ജി.ഒ(എം.എസ്) 22/2018/ത.സ്വ.ഭ.വ 14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്ഥല വിസ്തൃതിക്കനുസരിച്ചായിരിക്കണം വിത്തുകളും തൈകളും വിതരണം നടത്തേണ്ടത്. എന്നാൽ പ്രസ്തുത ഘടകം ഇവിടെ പരിഗണിച്ചിട്ടില്ല.
2. ശരാശരി 105 തൈകൾ വീതം വിതരണം ചെയ്തതിന്റെ മാനദണ്ഡം വ്യക്തമല്ല.
3. വിതരണ രജിസ്റ്ററിൽ കന്നുകൾ വിതരണം ചെയ്ത തീയതി രേഖപ്പെടുത്തിയില്ല.
4. ഗുണഭോക്താവിന്റെ അപേക്ഷ, കൃഷി സ്ഥലത്തിന്റെ ഉടമസ്ഥത, വിസ്തീർണ്ണം, തുടങ്ങിയ രേഖകൾ ഒന്നും തന്നെ വാങ്ങി സൂക്ഷിക്കാതെയാണ് വിതരണം നടത്തിയത്.

ഗുണഭോക്തൃ ലിസ്റ്റിൽ പെട്ടതെങ്കിലും യാതൊരു മാനദണ്ഡവും പാലിക്കാതെ നിരവധി പേർക്കായി വീതിച്ച് തൈകൾ വിതരണം ചെയ്തതിനാലും കൃഷിയുടെ പുരോഗതി പരിശോധനയ്ക്ക് വിധേയമാക്കാത്തതിനാലും ഉൽപ്പാദന വർദ്ധനവ് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. പ്രാദേശിക സാമ്പത്തിക വികസനം ഉറപ്പാക്കുന്ന സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് കാർഷിക ഇടപെടൽ നടത്താത്തതിനാൽ പ്രൊജക്റ്റുകൾ കൊണ്ടുള്ള ഉൽപാദന വർദ്ധനവ്, സാമ്പത്തിക പുരോഗതി എന്നിവ വിലയിരുത്താൻ കഴിയാതെ വരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-13/18-19, തീയതി-22.02.20) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി ചെലവ് തുക 3,90,000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മുകളിൽ കാണിച്ച വിശദാംശങ്ങളും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-23 സർക്കാർ അനുമതിയില്ലാതെ ദിവസവേതനത്തിൽ ജീവനക്കാരനെ നിയമിച്ചു.

2018-19 ലെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ എൽ.എസ്.ജി.ഡി ഓവർസിയർക്ക് വേതനം നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൌച്ചർ നം | തീയതി | തുക |
|---|---|---|
| 21800574 | 14.11.2018 | 10150 |
| 21800631 | 1.12.2018 | 18850 |
| 21800760 | 4.1.2019 | 18125 |
| 21800865 | 4.02.2019 | 17400 |
| 21800927 | 2.03.2019 | 17400 |
| ആകെ | | 81925/- |

ഇപ്രകാരം തൻവർഷം ആകെ 81925/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എൽ.എസ്.ജി.ഡി വിഭാഗത്തിൽ അസി.എഞ്ചിനീയർ-1, ഓവർസിയർ-2, ക്ലാർക്ക്-1 എന്നിങ്ങനെയാണ് അംഗീകരിച്ച തസ്തികകൾ. ഇതിൽ ഒഴിവുള്ള ഓവർസിയർ തസ്തികയിലേക്കാണ് പഞ്ചായത്ത് ദിവസവേതനത്തിൽ നിയമനം നടത്തിയത്. എന്നാൽ മേൽ കാണിച്ച അംഗീകൃത തസ്തികകളിൽ ഇപ്രകാരം താത്ക്കാലിക ജീവനക്കാരെ നിയമിക്കുമ്പോൾ വകുപ്പ് തലവനിൽ നിന്നും മുൻകൂർ അനുമതി ആവശ്യമാണ്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പി.എസ്.സി വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മാത്രമെ അംഗീകൃത തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കാവൂ. എന്നാൽ ഇവിടെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിതരായ ഓവർസിയർ മേൽ പ്രകാരം നിയമിക്കപ്പെട്ടതല്ല. പ്രസ്തുത തസ്തികയിലേക്ക് പി.എസ്സ്.സി വഴി നിയമനം നടക്കാത്ത സാഹചര്യമുണ്ടെങ്കിൽ എംപ്ലായ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് എൽ.എസ്.ജി.ഡി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. ആയത് പ്രകാരം നടപടികൾ സ്വീകരിക്കുന്നതിന് തോടന്നൂർ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ നടപടി ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-22/18-19, തീയതി-22.02.20 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

മുൻവർഷങ്ങളിലേതടക്കം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി പ്രൊജക്ട് പ്രകാരം കോഴിക്കോട് കാഫ് ഫീഡ് സബ്സിഡി സ്കീം അസി. ഡയറക്ടറുടെ പേരിൽ പഞ്ചായത്ത് ഫണ്ട് അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 2016-17 മുതലുള്ള വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | ചെലവു തുക | ബിൽ നം. |
|---|---|---|---|

| | | | |
|---|---|---|---|
| | | | തീയതി |
| 1 | 150/17 (2016-17) | 312500 | പി1/20.3.17 |
| 2 | 10/18 (2017-19) | 562500 | പി7/14.3.18 |
| 3. | 28/19 (2018-19) | 312500 | പി1/14.11.18 |
| ആകെ | | 11,87,500 | |

2018-19 വർഷം ഒടുക്കിയ തുകയുടെ വിനിയോഗം നടന്നു കൊണ്ടിരിക്കുന്നു എന്ന് വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മുൻവർഷങ്ങളിലേതടക്കം മുഴുവൻ തുകയുടെയും വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-25 സാന്ത്വന പരിചരണം - നൽകിയ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് നം – 89/18-19

അടങ്കൽ – 450000/- (പൊതു വിഭാഗം-450000)

ചെലവ് – 403365/- (പൊതു വിഭാഗം – 403365)

ഗ്രാമപഞ്ചായത്തിൽ പെയിൻ & പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. മേൽ പ്രോജക്ടിൽ വിവിധ തിയ്യതികളിലെ ബില്ലുകൾ പ്രകാരം 403365/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്.ബിൽ നമ്പർ 8/18-19 പ്രകാരം ചെലവഴിച്ച 55650/- രൂപയിൽ 15000/- രൂപ രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായാണ് ചെലവഴിച്ചത്.

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പഞ്ചാബ് നാഷണൽ ബേങ്ക് -മെഡിക്കൽ കോളേജ് ബ്രാഞ്ച് എക്കൌണ്ടിലേക്ക് 29.11.2018 ന് 15000/- രൂപ, ട്രാൻസ്ഫർ ചെയ്തു. (ഇൻവോയ്സ് നം-PRF 2765). ഓഡിറ്റ് തീയതി വരെ 7959/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 7041/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ നാളിതുവരെ ലഭ്യക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 വെള്ളക്കരം സംയുക്ത പരിശോധനയ്ക്ക് ശേഷം ഡിമാന്റ് നോട്ടീസ് ,തുക ക്രമീകരിക്കൽ വ്യക്തതയില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 112 പൊതു ടാപ്പുകൾക്ക് പ്രതിമാസം 49,000/- രൂപ വീതം വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് (KWA) ഡിമാന്റ് നോട്ടീസ് പ്രകാരം അടവാക്കി വരുന്നുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ 20.08.2018 ലെ 7/2018 തീരുമാന പ്രകാരം 29.08.2018 -ൽ സെക്രട്ടറി ബി2-5514/2018 നമ്പരായി പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന ആവശ്യപ്പെടുകയും തുടർന്ന് വിവിധ തീയതികളിലായി (അവസാനമായി 11/3/19-ന്) പരിശോധന നടത്തുകയും 14/3/19-ലെ KWAറിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത

റിപ്പോർട്ട് പ്രകാരം 144 ടാപ്പുകളിൽ 70 ടാപ്പുകൾ മാത്രമാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. ആയത് പ്രകാരം വെള്ളക്കരം നിലവിൽ അടച്ച് വരുന്നതുമാണ്. മാർച്ച് മാസത്തിൽ സംയുക്ത പരിശോധന റിപ്പോർട്ട് ലഭിച്ചതിനാൽ 2018 ഏപ്രിൽ മാസം മുതൽ നിരക്ക് പരിഷ്കരിക്കേണ്ടതായിരുന്നു. എന്നാൽ നവംബർ 2019 നാണ് നിരക്ക് പരിഷ്കരിച്ചത്.

KWAയുടെ 11/2019 ലെ ഡിമാന്റ് നോട്ടീസിൽ പഞ്ചായത്ത് 143325/- രൂപ മുൻകുർ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക എപ്രകാരമാണ് കണക്കാക്കിയത് എന്ന് വ്യക്തമല്ല. പഞ്ചായത്തിനും ഈ കാര്യത്തിൽ വ്യക്തതയില്ല.

2018 ജൂലായ്, ഓഗസ്റ്റ് മാസങ്ങളിൽ പഞ്ചായത്തിൽ പമ്പിംഗ് തകരാറ് കാരണം ഒരിടത്തും കുടിവെള്ളം ലഭിച്ചിട്ടില്ല. (26.09.2018-ലെ 5/3നമ്പർ അടിയന്തിര യോഗ തീരുമാനം) അതിനാൽ പ്രസ്തുത മാസങ്ങളിലെ വെള്ളക്കരം ഒഴിവാക്കുന്നതിനുമായി നിരവധി തവണ KWA- യെ അറിയിച്ചതായും എന്നാൽ നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 17.05.19-ലെ പഞ്ചായത്ത് ഭരണസമിതിയുടെ 17/1 നമ്പർ തീരുമാനത്തിൽ തിരുവള്ളൂർ ആയഞ്ചേരി ശുദ്ധ ജല വിതരണ പദ്ധതിയിലെ ഉപ്പിന്റെ അളവ് അനുവദനീയമായ അളവിനേക്കാൾ ഉയർന്ന നിലയിലായതിനാൽ മഴക്കാലം ആരംഭിച്ച് ഉപ്പിന്റെ അളവ് കുറയുമ്പോൾ മാത്രമേ പമ്പിംഗ് തുടരാൻ സാധിക്കൂ എന്നും ആയതിനാൽ മേൽ പ്രദേശങ്ങളിലേക്ക് കുടിവെള്ളത്തിന് മറ്റ് മാർഗ്ഗങ്ങൾ തേടേണ്ടതാണെന്നും KWA എ.ഇ അറിയിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. (ഫയൽ നമ്പർ 3576/19, തീയ്യതി 08.05.19) ഈ സാഹചര്യത്തിൽ പമ്പിംഗ് നിർത്തിവെച്ച കാലയളവ് മുതലുള്ള വെള്ളക്കരം ഒഴിവാക്കി നൽകുന്നതിനും KWA -യോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

മേൽ പറഞ്ഞ വിഷയത്തിൽ വെള്ളം മാസങ്ങളായി ലഭിക്കാത്ത സാഹചര്യത്തിൽ വെള്ളക്കരം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-23/18-19, തിയ്യതി-22.02.20 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ഇടപെടലിനായി ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 അഗതി - ആശ്രയ – വീട് ആവശ്യമായ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ പരിഗണിച്ചില്ല

സമൂഹത്തിലെ അശരണരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ അഗതികളെ, സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെ ഗ്രാമ പഞ്ചായത്തിൽ പ്രത്യേക അഗതി ആശ്രയ പ്രൊജക്ട് രണ്ടാം ഘട്ടം 2017-18 മുതൽ 2018-19 കാലഘട്ടത്തിലേക്കായി തയ്യാറാക്കിയത് പഞ്ചായത്ത് ഭരണ സമിതിയുടെ 7.2.2017 ലെ 58/16-17 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിലെ 96 ഉം എസ്. സി വിഭാഗത്തിലെ 9 ഉം അടക്കം ആകെ 105 അഗതി ഗുണഭോക്താക്കളിൽ വീട് ആവശ്യമുള്ള 16 കുടുംബങ്ങളാണുള്ളത്. ഭക്ഷണം, വസ്ത്രം, വീട് പുനരുദ്ധാരണം, വീട് നിർമ്മാണം, കുടിവെള്ളം തുടങ്ങിയ

സേവനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് 55,88,980/- രൂപയാണ് 2018-19 വരെ പ്രൊജക്ടിൽ കണക്കാക്കിയത്. എന്നാൽ പോഷകാഹാരക്കിറ്റ് വിതരണമല്ലാതെ മറ്റ് സേവനങ്ങൾക്ക് പ്രൊജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടില്ല.. 2018-19 ലെ കണക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 1313913 |
| വരവ് ( ബാങ്ക് പലിശ )<br>അക്കൗണ്ട് നം. 20361022768348 | 68748 |
| ആകെ | 1382661 |
| ചെലവ് | 42745 |
| നീക്കിയിരിപ്പ് | 1339916 |

തൻവർഷം 29 കുടുംബങ്ങൾക്ക് പോഷകാഹാരക്കിറ്റ് വിതരണത്തിനായാണ് 42,745/- രൂപ ചെലവഴിച്ചത്. 16 കുടുംബങ്ങൾ വീട് ആവശ്യമുള്ള കുടുംബങ്ങളായിട്ടും ആശ്രയ പ്രൊജക്ട് പ്രകാരമോ ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതിയിലുൾപ്പെടുത്തിയോ വീട് നിർമ്മാണത്തിന് 2018-19 ൽ ആനുകൂല്യം നൽകിയിട്ടില്ല. മാത്രമല്ല അഗതി – ആശ്രയ പ്രൊജക്ടിൽ വീട് നിർമ്മാണം ആവശ്യമായ 16 ഗുണഭോക്താക്കളിൽ ശ്രീമതി ലീല ഒന്തത്ത് മീത്തൽ - വാർഡ് 6 എന്ന ഗുണഭോക്താവ് മാത്രമെ ലൈഫ് പദ്ധതിക്കായുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. ഈ അഗതി ഗുണഭോക്താവിനും വീട് നിർമ്മാണത്തിന് ആനുകൂല്യം നല്കിയിട്ടില്ല. പതിമൂന്നാം പഞ്ചവത്സരപദ്ധതി (2017-2022 ) മാർഗ്ഗരേഖയിൽ, സംസ്ഥാന സർക്കാരിന്റെ ലൈഫ് സമ്പൂർണ്ണ പാർപ്പിടപദ്ധതിയുടെ ചുവട് പിടിച്ച് മാത്രമെ പാർപ്പിട മേഖലയിൽ പ്രൊജക്ടുകൾ നടപ്പാക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ലൈഫ് പാർപ്പിട പദ്ധതി സംബന്ധിച്ച 8.11.2016 ലെ ജി.ഓ(എം.എസ്) 160/16 ത.സ്വ.ഭ.വ ഉത്തരവിലും, തുടർന്നുള്ള ഉത്തരവുകൾ പ്രകാരവും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ അർഹരിൽ ഏറ്റവും അർഹരായ അഗതികൾക്ക് മുൻഗണന നൽകേണ്ടതുണ്ട്. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അഗതി – ആശ്രയ ഗുണഭോക്താക്കളെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് പ്രൊജക്ട് പ്രകാരം ആവശ്യമായ ക്ലേശഘടകങ്ങൾ പരിഗണിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - തൊഴിൽ വിതരണം നീതിപൂർവ്വകമാകുന്നില്ല.

ദേശീയ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് 2018-19 ലെ സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 279146 |
| വരവ് | 25469523 |

| | |
|---|---|
| ആകെ | 25748669 |
| ചെലവ് | 25500874 |
| നീക്കിയിരിപ്പ് | 247795 |

2018-19 വരെ ആകെ രജിസ്റ്റർ ചെയ്ത തൊഴിൽ കുടുംബം - 5458

ആകെ തൊഴിലാളികൾ - 8863

ആക്ടീവ് തൊഴിൽ കാർഡ് - 3016

ആക്ടീവ് തൊഴിലാളികൾ - 2451

സൃഷ്ടിക്കപ്പെട്ട ആകെ തൊഴിൽ ദിനങ്ങൾ – 82420

100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ - 35

ഗ്രാമപഞ്ചായത്തിലെ ദേശീയ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച മേൽചേർത്ത വിവരങ്ങൾ പ്രകാരം 18-19 ൽ ഒരു തൊഴിലാളിക്ക് ശരാശരി 33.63 തൊഴിൽ ദിനങ്ങളാണ് ലഭ്യമാവുക. ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട എതാനും പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

ആക്ഷൻ പ്ലാൻ പ്രകാരം ഓരോ വാർഡിലും 19മുതൽ 29 ലധികം തരം പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നാമമാത്രമായ പ്രവൃത്തികൾ മാത്രമാണ് നടപ്പാക്കിയത്. .

ഒരേ ഇനത്തിൽപ്പെട്ട ശരാശരി 6 ഇനം പ്രവൃത്തികളാണ് ഭൂരിഭാഗം വാർഡുകളിലും നടപ്പാക്കിയിട്ടുള്ളത്. ഇക്കാരണത്താൽ തൻവർഷം, സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ താരതമ്യേന കുറവാണ്. ഓരോ വാർഡിലെയും പ്രവൃത്തികൾ അതത് വാർഡുകളിൽ തൊഴിലിന് അപേക്ഷിച്ചവർക്ക് മാത്രം വിതരണം ചെയ്യപ്പെടുകയാണ്. വളരെ ചുരുങ്ങിയ ഇനം പ്രവൃത്തികൾക്ക് മാത്രമാണ് മറ്റ് വാർഡുകളിൽ നിന്നുള്ള അവിദഗ്ദ തൊഴിലാളികളെ പരിഗണിക്കുന്നുള്ളൂ.. ഇക്കാരണത്താൽ തൊഴിലാളികൾ കുറവുള്ള വാർഡുകളിലും കൂടുതലുള്ള വാർഡുകളിലും നീതിയുക്തമായി തൊഴിൽ വിതരണം ചെയ്യപ്പെടുന്നില്ല. ഏതാനും വാർഡുകളിൽ തൻവർഷം തൊഴിൽ ചെയ്ത തൊഴിലാളികളുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന ശരാശരി തൊഴിൽ ദിനങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് | തൊഴിലെടുത്തവരുടെ എണ്ണം | ആകെ പ്രവൃത്തികൾ/ നടപ്പാക്കിയ പ്രവൃത്തികൾ | ആക്ഷൻ പ്ലാൻ പ്രകാരം ആകെ തൊഴിൽ ദിനങ്ങൾ | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | ശരാശരി തൊഴിൽ ദിനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2 | 56 | 19/6 | 4329 | 3793 | 67.73 |
| 5 | 22 | 21/6 | 4464 | 4585 | 208.41 |
| 11 | 158 | 19/5 | 5411 | 5200 | 32.91 |

ഓരോ വാർഡിലെയും പ്രവൃത്തികൾ അതത് വാർഡിലെ തൊഴിലാളികൾക്ക് മാത്രമായി വിതരണം ചെയ്യപ്പെടുമ്പോൾ മേൽ ചേർത്ത പ്രകാരം കൂടുതൽ തൊഴിലാളികൾ ലഭ്യമാകുന്ന വാർഡുകളിൽ ആളോഹരി തൊഴിൽ ലഭ്യത കുറയാനും തൊഴിൽ വിതരണം നീതിപൂർവ്വകമല്ലാതാകുന്നതിനും കാരണമാകും. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ചട്ടം ഖണ്ഡിക 12 പ്രകാരം അപേക്ഷകൻ താമസിക്കുന്നതിന് 5 കി. മി ചുറ്റളവിൽ പ്രവൃത്തി നല്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതു പ്രകാരം തൊഴിൽ വിതരണം നടത്തുന്നതിന് നടപടികൾസ്വീകരിക്കേണ്ടതാണ്.

മസ്റ്റർ റോൾ ലഭിക്കുന്നതിന് മുമ്പ് തന്നെ പ്രവൃത്തി അനധികൃതമായി നോട്ട്ബുക്കിൽ ഹാജർ രേഖപ്പെടുത്തി പ്രവൃത്തി നടപ്പാക്കുക, പ്രവൃത്തി പൂർത്തിയാകുന്നതിന് മുമ്പ് അവസാനിച്ചതായി തൊഴിലാളികളെ അറിയിക്കുകയും ബാക്കി തൊഴിൽ ദിനങ്ങൾ തെരെഞ്ഞെടുക്കപ്പെട്ടവരുടെ പേരിൽ രേഖപ്പെടുത്തി വേതനം അനർഹമായി വിതരണം ചെയ്യുക തുടങ്ങിയ അനാരോഗ്യകരവും നിയമ വിരുദ്ധവുമായ പ്രവൃത്തികൾ നടക്കുന്നതായ പരാതികൾ സംബന്ധിച്ച് (ഫയൽ നം. 22/19 തീയ്യതി4.1.19)11.1.2019 ലെ പഞ്ചായത്ത് ഭരണസമിതി ചർച്ച ചെയ്യുകയും ആരോപണങ്ങൾ സംബന്ധിച്ച അന്വേഷിച്ചതിൽ, മേറ്റ്, തൊഴിലാളി തലത്തിൽ നടക്കുന്ന അനാരോഗ്യകരമായ പ്രവണതകളാണ് പരാതിക്കടിസ്ഥാനമെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരം, നം. 140/ഡി.ഡി.2/2017 തസ്വഭവ തീയതി 31.7.2017നം. സർക്കുലർ പ്രകാരം മേറ്റമാരെ നിയമിക്കാൻ 18/1 നമ്പരായി തീരമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ദേശീയ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി സുതാര്യവും കുറ്റമറ്റ രീതിയിലും നിർവ്വഹിക്കപ്പെടുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകത- 81 ലക്ഷത്തിലധികം സർക്കാർ ഗ്രാന്റ് ലാപ്സായി

സർക്കാർ ബജറ്റ് അലോക്കേഷൻ പ്രകാരം ഗ്രാമപഞ്ചായത്തിന് 2018-19 വർഷം അനുവദിച്ച തുകയിൽ 81 ലക്ഷത്തിലധികം വിനിയോഗിക്കാത്തതിനാൽ നഷ്ടമായിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം<br>1 | ബജറ്റ് അലോക്കേഷൻ<br>2 | വകയിരുത്തൽ<br>3 | ചെലവ്<br>4 | ലാപ്സായ തുക<br>5 (2-4) |
|---|---|---|---|---|
| വികസന ഫണ്ട് (പൊതു) | 20137000 | 22524408 | 18704823 | 1432177 |
| വികസന ഫണ്ട് (എസ്.സി.പി)) | 3344000 | 4925681 | 2692106 | 651894 |
| വികസന ഫണ്ട് (ടി.എസ്.പി) | 124000 | 124000 | 0 | 124000 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 9346000 | 17081000 | 7259313 | 2086687 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 7882000 | 15045000 | 6136805 | 1745195 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4199000 | 5302000 | 2063959 | 2135041 |
| ആകെ | 45032000 | 65002089 | 36857006 | 8174994 |

തൻവർഷം അംഗീകാരം ലഭിച്ച 211 പ്രൊജക്ടുകളിൽ 126 എണ്ണം മാത്രമാണ് നടപ്പാക്കിയത്. അതായത് 59.71 ശതമാനം. ആകെ 85 പ്രൊജക്ടുകൾ നടപ്പാക്കാത്തതിൽ 75 ഉം മരാമത്ത് പ്രവൃത്തികളിലാണ്. മുൻവർഷങ്ങളിൽ പൂർത്തിയാക്കിയ പ്രവൃത്തികളിൽ അതാത് വർഷം തുക ചെലവഴിക്കാത്തതിനാൽ സ്പിൽ ഓവറായി തുക നൽകേണ്ടിവന്നതിനാൽ ആയതിന് തൻവർഷത്തെ വികസന/ സേവന പ്രവർത്തനങ്ങൾക്കുള്ള തുകയാണ് വിനിയോഗിക്കേണ്ടി വന്നത്. പ്രൊജക്ടുകൾ സമയബന്ധിതമായി തീർക്കാത്തതിനാൽ തൻവർഷവും തുക ചെലവഴിക്കാൻ സാധിക്കാത്ത പ്രൊജക്ടുകളുണ്ട്. ഈ രീതി അടുത്ത വർഷത്തെ പദ്ധതി ചെലവിനെയും ബാധിക്കും. പ്രൊജക്ടുകൾ തീരെ നടപ്പാക്കാത്തത് കാരണത്താലും ചെലവ് നടന്നില്ല. ഇക്കാരണങ്ങളാൽ തൻവർഷം ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കാമായിരുന്ന 82 ലക്ഷത്തോളം സർക്കാർ ഗ്രാന്റാണ് മേൽ ചേർത്ത പ്രകാരം നഷ്ടപ്പെടാനിടയായത്. കൃത്യമായ അടിസ്ഥാന വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ സമഗ്രമായ വികസനം ലക്ഷ്യമാക്കി പ്രൊജക്ടുകൾ ആസൂത്രണം ചെയ്യാത്തതാണ് ഇതിനു കാരണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രൊജക്ടുകളുടെ എണ്ണത്തിലെ ആധിക്യവും (പ്രത്യേകിച്ച് മരാമത്ത് മേഖലയിൽ) നടപ്പാക്കാത്ത പ്രൊജക്ടുകളുടെ എണ്ണം കൂടാൻ ഇടയാക്കിയിട്ടുണ്ട്. വികസന മേഖലകളുടെ അവസ്ഥാ വിശകലനം, മുൻകാലങ്ങളിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം, വികസന

ലക്ഷ്യങ്ങളും പ്രൊജകട് ആശയങ്ങളും എന്നീ രീതിയിൽ വിശദമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ വർക്കിങ്ങ് ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിയിരിക്കണം ഓരോ മേഖലയിലെയും പ്രൊജക്ടുകൾക്ക് രൂപം നൽകേണ്ടത്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാടിസ്ഥാനത്തിൽ പ്രൊജക്ടുകൾക്ക് രൂപം നല്കി നടപ്പാക്കാത്തത് പദ്ധതിരേഖ പ്രകാരം ദീർഘകാല വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാക്കും. പഞ്ചായത്തിന് അർഹമായ സർക്കാർ ഗ്രാന്റിൽ വലിയൊരു തുക ലാപ്സാകാൻ ഇടയായത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത തുടരുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-30 ലൈഫ് പദ്ധതി അവലോകനം

2017 മുതൽ 2021 വരെയുള്ള 13ാം പഞ്ചവത്സപദ്ധതി കാലത്ത് ഭവന രഹിതരായ പാവപ്പെട്ടവർക്ക് എല്ലാവർക്കും സ്വന്തമായി വാസയോഗ്യമായ ഭവനം ഉറപ്പു വരുത്തുന്നതാണ് ലൈഫ് പാർപ്പിട പദ്ധതി. ലൈഫ് ഭവന പദ്ധതി രൂപീകരണം, ഗുണഭോക്താക്കളെ നിശ്ചയിക്കൽ, നിർവ്വഹണം എന്നിവ സംബന്ധിച്ച് 31.7.2017 ലെ സ.ഉ(എം.എസ്)നം. 151/2017/തസ്വഭവ ഉത്തരവിൽ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നീതിയുക്തമായും പരാതിരഹിതമായും നാലു വിഭാഗങ്ങളിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തുകയും പ്രൊജക്ടുകൾ തയ്യാറാക്കി ഭവന നിർമ്മാണത്തിന് ധനസഹായം നല്കുകയുമാണ് ചെയ്യേണ്ടത്. ലൈഫ് പാർപ്പിട പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത് താഴെ ചേർത്ത വിഭാഗങ്ങളിലായാണ്.

1. പണി പൂർത്തിയാകാത്ത വീടുകളുള്ള കുടുംബങ്ങൾ
2. സ്വന്തമായി ഭൂമിയുള്ള ഭവന രഹിത കുടുംബങ്ങൾ
3. ഭൂരഹിത – ഭവന രഹിത കുടുംബങ്ങൾ

ഗ്രാമപഞ്ചായത്തിൽ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18, 2018-19 വർഷങ്ങളിൽ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ഘട്ടം | ഗുണഭോക്താക്കൾ | | കരാർ വെച്ചത് | പൂർത്തിയാക്കിയത് | കരാർ വെച്ചതിൽ പൂർത്തീകരിക്കാൻ ബാക്കി |
|---|---|---|---|---|---|
| ഫേസ് - 1 2017-18, 2018-19 | ജനറൽ | 15 | 14 | 12 | 2 |
| | എസ്.സി | 1 | 1 | 1 | 0 |
| ഫേസ് - 2 2018-19 | ജനറൽ | 33 | 32 | 15 | 17 |
| | എസ്.സി | 0 | 0 | 0 | 0 |

1. പണി പൂർത്തിയാകാത്ത വീടുകളുള്ള കുടുംബം(ഫേസ് 1)

മുൻവർഷങ്ങളിലെ ഭവന നിർമ്മാണ പ്രൊജക്ടുകൾ പ്രകാരം വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് നിർമ്മാണത്തിനുവേണ്ട ആനുപാതിക തുക കണക്കാക്കി നല്കുകയാണ് ചെയ്യുന്നത്. 2017-18 ൽ 195/18 , 2018-19ൽ 141/19, (ജനറൽ) എന്നീ പ്രൊജക്ട് പ്രകാരം യഥാക്രമം 860000, 870000 എന്നിങ്ങനെ ജനറൽ വിഭാഗത്തിൽ ചെലവഴിച്ചു. പ്രൊജക്ട് നം. 142/19 (എസ്.സി) പ്രകാരം 100000രൂപയും ചെലവഴിച്ചിട്ടുണ്ട്.

2.സ്വന്തമായി ഭൂമിയുള്ള ഭവന രഹിതർ(ഫേസ്- 2)

ജനറൽ വിഭാഗത്തിൽ 33 ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയത് പ്രകാരം 2018-19 വർഷം 99/19 നം. പ്രൊജക്ട് പ്രകാരം 8737823 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 4027400രൂ. (വികസന ഫണ്ട്) 3918731 രൂപ (ഹഡ്കോയിൽ നിന്നുള്ള വായ്പ) 250000 (ബ്ലോക്ക്), 541692 (ജില്ലാ പഞ്ചായത്ത്) എന്നീ വിഭാഗം തുകയാണ് വിനിയോഗിച്ചത്. എസ്. സി, എസ്.ടി വിഭാഗത്തിൽ ഗുണഭോക്താക്കളില്ല. 2 ഗുണഭോക്താക്കൾ 2018-19 ൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഫേസ് 1, ഫേസ് 2 ഘട്ടങ്ങളാണ് 2018-19 വരെ നടപ്പിലാക്കിയിട്ടുള്ളത്. ലൈ ഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി സംബന്ധിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം ഭവന നിർമ്മാണ പദ്ധതികൾ ലൈഫ് പദ്ധതിയുടെ ചുവട്ടു പിടിച്ചു മാത്രമെ നടപ്പാക്കാവൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ പഞ്ചായത്തിലെ രണ്ടാം ഘട്ടം അഗതി -ആശ്രയ പ്രൊജക്ടിലുൾപ്പെട്ടതും വീട് ആവശ്യമുള്ളവരുമായ 16 കുടുംബങ്ങളിൽ ഒരു കുടുംബം (ക്രമ നം. 25 ശ്രീമതി ലീല ഒന്തത്ത് മീത്തൽ – വാർഡ് 6) മാത്രമാണ് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളു. ആശ്രയ പ്രൊജക്ട് പ്രകാരം ഇവർക്ക് വീട് നിർമ്മാണത്തിന് ധനസഹായം 2018-19 വരെ നല്കിയിട്ടില്ല. ഭവന രഹിതരില്ലാത്ത സംസ്ഥാനം എന്ന ലക്ഷ്യം നേടുന്നതിനുള്ള ലൈഫ് പദ്ധതിയിൽ അർഹരിൽ ഏറ്റവും അർഹതയുള്ള ബാക്കി അഗതി ഗുണഭോക്താക്കളെ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമല്ല. (ഖണ്ഡിക 1-27കൂടി കാണുക)

# 1-31 ഹരിതം തിരുവള്ളൂർ -അവലോകനം

ഹരിതകേരള മിഷന്റെ മുഖ്യലക്ഷ്യമായ മാലിന്യ മുക്ത കേരളം എന്നതിന് വേണ്ടി തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കുന്നതിൽ പഞ്ചായത്ത് ധാരാളം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കേണ്ടതായിട്ടുണ്ട്. 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഈ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിരുന്നെങ്കിലും ചെലവുകൾ നടത്തിയിട്ടില്ല. പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്, നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഹരിത സേന പ്രവർത്തനത്തിനുള്ള വയബിലിറ്റി ഫണ്ട് | 2100000 | 0 |
| 2 | അജൈവ മാലിന്യ സംഭരണ കേന്ദ്രം | 1311000 | 0 |

മേൽ പ്രോജക്ടുകളിൽ ഒന്നും തന്നെ 2018-19 വർഷത്തിൽ നിർവ്വഹണം നടത്തിയിട്ടില്ല. ശുചിത്വ മേഖലയിൽ ഗ്രാമപഞ്ചായത്ത് കൈവരിച്ച പുരോഗതി അപര്യാപ്തമാണ്.

ഓരോ പ്രദേശവും മാലിന്യ മുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവ മാലിന്യം ശേഖരിച്ച് പുന:ചംക്രമണത്തിന് വിധേയമാക്കുന്നതിനുള്ള സൌകര്യങ്ങൾ സൃഷ്ടിക്കുക എന്നതായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനമെന്ന് വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു.ജൈവ മാലിന്യ സംസ്കരണത്തിന് ഉതകുന്ന 2 പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചിട്ടുണ്ട്.

ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ അജൈവ മാലിന്യ ശേഖരണത്തിനായി ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലേയ്ക്ക് 36 അംഗങ്ങളെ ഉൾപ്പെടുത്തി ഹരിത കർമ്മസേന രൂപീകരിക്കുകയും 2018 ജൂൺ മാസം മുതൽ പ്രവർത്തിച്ചു വരികയും ചെയ്തിരുന്നു. വീടൊന്നിന് 40 രൂപ നിരക്കിലും കച്ചവട സ്ഥാപനങ്ങളിൽ നിന്നും 60/- രൂപ നിരക്കിലും യൂസർഫീ ഈടാക്കിയിരുന്നു. എന്നാൽ 2018 ഒക്ടോബർ മാസം വരെ മാത്രമാണ് പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്. ഇതിനിടയിൽ 2018 ആഗസ്ത് മാസം ശേഖരിച്ച മാലിന്യങ്ങൾ കയറ്റി അയക്കുകയും ചെയ്തിട്ടുള്ളതായി വി.ഇ.ഒ അറിയിച്ചു. എന്നാൽ 2018 ഒക്ടോബർ മാസത്തിന് ശേഷം അജൈവ മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട ജോലികൾ ഗ്രാമപഞ്ചായത്തിൽ നടന്നിട്ടില്ല.

2019 മെയ് മാസം 28 അംഗങ്ങളെ ഉൾപ്പെടുത്തി ഹരിത കർമ്മസേന പുന:സംഘടിപ്പിക്കുകയും മെയ് മാസത്തിൽ ഗ്രാമ പഞ്ചായത്തിൽ 9 വാർഡുകളിൽ നിന്നും അജൈവ മാലിന്യ ശേഖരണം നടത്തുകയും ചെയ്തു. ഹരിത കർമ്മസേന ശേഖരിച്ച മാലിന്യങ്ങൾ സംഭരിച്ചു വെക്കാൻ നാളിതുവരെ പഞ്ചായത്തിൽ സൗകര്യമൊരുക്കിയിട്ടില്ല. മാലിന്യ ശേഖരണത്തിനും അതുമായി ബന്ധപ്പെട്ട പരിശീലനവും നൽകുന്നത് "ഹരിയാലി വടകര "എന്ന സ്ഥാപനമാണ്. മൂന്ന മാസത്തിലൊരിക്കൽ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ഓരോ വാർഡിലും വിവിധ ഭാഗങ്ങളിൽ കൂട്ടിയിട്ടതിന് ശേഷം നാച്ചർ ഗാർഡ് പാലാഴി എന്ന സ്ഥാപനത്തിന് കൈമാറുകയാണ് നിലവിൽ ചെയ്യുന്നത്. ഓരോ വാർഡുകളിൽ നിന്നും മൂന്ന മാസത്തിലൊരിക്കൽ മാലിന്യം ശേഖരിക്കുന്നത് കാരണം അജൈവ മാലിന്യ ശേഖരണത്തിന് കാലതാമസത്തിന് ഇടയാക്കുന്നു. ഹരിത കർമ്മസേന ഈടാക്കുന്ന യൂസർ ഫീ കോട്ടപ്പള്ളി സർവ്വീസ് സഹകരണ ബേങ്കിന്റെ 3349 നമ്പർ എക്കൌണ്ടിലാണ് അടവാക്കുന്നത്. (ഹരിത കർമ്മസേന പ്രസിഡന്റ് & സെക്രട്ടറി).

ഗ്രാമപഞ്ചായത്തിലെ 14 ാം വാർഡിൽ തോടന്നൂരിനോട് ചേർന്ന് പള്ളിക്കുന്ന് എന്ന സ്ഥലത്ത് എം.സി.എഫ് കേന്ദ്രം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണത്തിന് 1311000/- രൂപ വകയിരുത്തുകയും ചെയ്തിരുന്നു. എന്നാൽ എം.സി.എഫ് കേന്ദ്രം നിർമ്മാണത്തിന്റെ പ്രവൃത്തി നാളിതു വരെ

ആരംഭിച്ചിട്ടില്ല. അജൈവ മാലിന്യങ്ങൾ പുന:ചംക്രമണത്തിന് ഉതകുന്ന പ്രോജക്ടുകളൊന്നും ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. കൂടാതെ ബ്ലോക്ക് തലത്തിൽ ഗ്രാമപഞ്ചായത്തിൽ ഷ്രെഡിംഗ് യൂണിറ്റുകളില്ലാത്തതിനാൽ അജൈവ മാലിന്യ സംസ്കരണം ഒരു പ്രശ്നമായി ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ വാർഡിന്റെ വിവിധ ഭാഗങ്ങളിൽ ശേഖരിച്ചതിന് ശേഷം വില്പന നടത്തുകയാണ് ചെയ്തിട്ടുള്ളത്. നാച്ചർ ഗാർഡ് പാലാഴി എന്ന സ്ഥാപനത്തിലേക്ക് റീ സൈക്കിൾ ചെയ്യാവുന്ന അജൈവ മാലിന്യങ്ങൾ കയറ്റി അയച്ച വകയിൽ 32,760/- രൂപയും റീ സൈക്കിൾ ചെയ്യാൻ പറ്റാത്തവ കയറ്റി അയച്ച വകയിൽ 40,000/- രൂപ ചെലവും ഉണ്ടായിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ കമ്മിറ്റിയുടെ പ്രവർത്തനം ഈ മേഖലയിൽ പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിയില്ലെങ്കിലും സമൂഹത്തിലെ വിവിധ തുറകളിലുള്ള എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. ആരോഗ്യ ജാഗ്രതാ പ്രവർത്തനത്തിന്റെ ഭാഗമായി വാർഡ് തല സ്ക്വാഡ് പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തിയും ടൗൺ ശുചീകരണം, സ്കൂളുകളുടെ ശുചീകരണം എന്നിവ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ തുറസ്സായ പൊതുകിണറുകൾ, ജലാശയങ്ങൾ എന്നിവയുടെ ശുചീകരണം ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കിയതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തല സാനിറ്റേഷൻ കമ്മിറ്റിക്ക് കീഴിൽ ശുചീകരണ പ്രവർത്തനങ്ങൾ വിവിധ വാർഡുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

ശുചിത്വ മാലിന്യ സംസ്കരണമേഖലയിലെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി മുന്നോട്ടു കൊണ്ടു പോകാൻ ഭരണ സമിതിയും മറ്റ് പ്രവർത്തനസമിതികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-32 സ്റ്റാന്റിങ്ങ് കമ്മിറ്റികൾ , വർക്കിങ്ങ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം

ഓരോ മേഖലയിലും മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നതിനും രൂപം കൊടുക്കുന്നതിലും, നടപ്പാക്കുന്നതിലും വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും അതിന്റെ പരിധിയിൽ വരുന്ന വർക്കിങ്ങ് ഗ്രൂപ്പുകളുടെയും പങ്ക് വളരെ വലുതാണ്. വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് ഓരോ മേഖലയിലെയും വർക്കിങ്ങ് ഗ്രൂപ്പുകൾ വിശദമായ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിലൂന്നിക്കൊണ്ടുള്ളതും സമഗ്രമായ വികസനം സാധ്യമാകുന്ന തരത്തിലും പ്രൊജക്ടുകൾ ആസൂത്രണംചെയ്യുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം ലഭ്യമായ വിഭവങ്ങളെ പരമാവധി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടാകുക. ഗ്രാമപഞ്ചായത്തിലെ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും അവയുടെ പരിധിയിൽ വരുന്ന വർക്കിങ്ങ് ഗ്രൂപ്പുകളുടെയും മിനുട്സ് പരിശോധിച്ചത് പ്രകാരമുള്ള അഭിപ്രായം താഴെ ചേർക്കുന്നു.

1. പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ പ്രൊജക്റ്റ് ഫയലുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. വിവിധ വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ

നിർവ്വഹണം മോണിറ്ററിങ്ങ് സംബന്ധിച്ച് ചർച്ചകളോ തീരുമാനങ്ങളോ ഉണ്ടായിട്ടില്ല.

2. യോഗം ചേരുന്നത് വലിയ ഇടവേളകൾക്ക് ശേഷം. ഉദാ. ആരോഗ്യ വർക്കിങ്ങ് ഗ്രൂപ്പ്, വിദ്യാഭ്യാസം, സംസ്കാരം, കല, കായികം വർക്കിങ്ങ് ഗ്രൂപ്പുകൾ 5.12.18 യോഗത്തിന് ശേഷം ഒരു വർഷം കഴിഞ്ഞാണ് 19.12.19 ന് യോഗം ചേർന്നത്.

3. വർക്കിങ്ങ് ഗ്രൂപ്പ് യോഗ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നില്ല/അപൂർണമായി രേഖപ്പെടുത്തുന്നു. ഉദാ- ദാരിദ്ര്യ ലഘൂകരണം -2.10.18, കൃഷി - 2.5.18, പൊതുമരാമത്ത് - 15.10.18, 5.12.18, വിദ്യാഭ്യാസം, കല, സംസ്കാരം 19.12.18 യോഗങ്ങൾ,

4. ഭൂരിഭാഗം വർക്കിങ്ങ് ഗ്രൂപ് മിനുട്സുകളിലും തീരുമാനങ്ങൾ എഴുതി ചേർത്ത ശേഷം ചെയർമാൻ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നില്ല. ഉദാ.- കൃഷി -ആകെ 17 യോഗങ്ങൾ ചേർന്നതിൽ 13 എണ്ണത്തിലും ചെയർമാൻ/കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 13ാം പദ്ധതിരേഖ പ്രകാരമുള്ള വികസന, ക്ഷേമ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വിഭവലഭ്യതയും വിനിയോഗവും ഫലപ്രദമാക്കുന്നതിനും നേതൃപരമായ പങ്ക് വഹിക്കുന്നതിന് സ്റ്റാന്റിങ്ങ് കമ്മിറ്റികൾ കൂടുതൽ ജാഗ്രതപുലർത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും പഞ്ചായത്തിന്റെ വികസനലക്ഷ്യങ്ങൾ സാധ്യമാക്കുന്ന രീതിയിലുള്ള പ്രവർത്തനം ഉത്തരവാദിത്തത്തോടെ ഓരോ മേഖലയിലെയും വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയതായി കാണുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിന് കൂടുതൽ ഫലപ്രദമായി പ്രവർത്തനം കാഴ്ചവെക്കേണ്ടതും പ്രൊജക്ടുകളുടെ ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ വിഭവവിനിയോഗം കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ പ്രത്യക ശ്രദ്ധ ഇക്കാര്യത്തിൽ അനിവാര്യമാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 മത്സ്യ മാർക്കറ്റ് -ലേലം വിളിച്ച മുഴവൻ തുകയും ഈടാക്കിയില്ല.

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ 5ാം വാർഡിൽ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് സ്ഥിതി ചെയ്യുന്ന മത്സ്യ മാർക്കറ്റിന്റെ 2018-19 വർഷത്തേക്കുള്ള നടത്തിപ്പിനുള്ള ലേലം 16/03/2018 ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടന്നു. ലേലം നടത്തിയതിൽ ഉയർന്ന തുകയായ 76,000/- രൂപയ്ക്ക് ലേലം വിളിച്ച ശ്രീ സുരേഷ് ബാബു ആര്യംവള്ളി എന്നയാൾക്ക് ലേലം ഉറപ്പിക്കുകയുണ്ടായി. ഭരണസമിതിയുടെ 7/322/17-18 തീയതി- 31.03.2018 നമ്പർ തീരുമാന പ്രകാരം ലേലം അംഗീകരിച്ചു. ലേല നിബന്ധന പ്രകാരം ലേലം ഉറപ്പിച്ച തുകയുടെ മൂന്നിലൊരു ഭാഗം തുകയായ 26,000/- രൂപ 16/03/2018 ന് ഗ്രാമപഞ്ചായത്തിൽ അടവാക്കി (റസീറ്റ് നം-117080500036/16.03.18). മത്സ്യ വില്പനയ്ക്ക് 51/18-19 നമ്പർ പ്രകാരം 23.05.2018 ന് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചു.

ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾകാണുന്നു.

1. ലേല രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.
2. ലേലം കൊണ്ട ആളുമായി നിയമാനുസൃതം പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല.
3. ലേലം കൊണ്ട സമയത്ത് അടവാക്കിയ 26,000/- രൂപ അടവാക്കിയതല്ലാതെ ബാക്കി തുകയായ 50,000/- രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

ലേലം കൊണ്ട വ്യക്തിയുമായി നിയമാനുസൃതം കരാറിൽ ഏർപ്പെടാത്തത് കാരണം ബാക്കി തുക ഈടാക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.ഇത് കാരണം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന 50000/- രൂപ ഇതുമൂലം നഷ്ടമായി.തുക ഈടാക്കാൻ നടപടികൾ കൈകൊള്ളേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ സെക്ഷൻ ക്ലാർക്ക്, സെക്രട്ടറി എന്നിവരിൽ നിന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 11.07.2019-12.07.2019 | കെ.എസ്.എ.കെ.കെ.ഡി/ഇ2/ 887/2019(61) തീയതി-01.08.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 325000 | ക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് ഇൻസെന്റീവ് | 325000 | 0 |
| | 2018-19 | 93500 | നെൽകൃഷി കൂലിച്ചെലവ് | 93500 | 0 |
| സെക്രട്ടറി ജില്ലാപഞ്ചായത്ത് | 2018-19 | 200000 | ക്ഷീരകർഷകർ അളക്കുന്നന പാലിന് ഇൻസെന്റീവ് | 200000 | 0 |
| | 2017-18 | 100000 | ക്ഷീരഗ്രാമം | 0 | 100000 |
| | 2017-18 | 55250 | നെൽകൃഷി കൂലിച്ചെലവ് | 55250 | |
| | 2018-19 | 541692 | ലൈഫ് ഭവനപദ്ധതി | 541692 | 0 |
| | 2018-19 | 780000 | ലൈഫ് ഭവനപദ്ധതി | 250000 | 530000 |

| | | | | | |
|---|---|---|---|---|---|
| | 2017-18 | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | |
| | 2018-19 | 568230 | വയോജന പാർക്ക് | 321939 | 246291 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 51,93,731/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ -1 | ജി.ഒ (എം.എസ്) 533/2010 തി-18.02.2010 | 14299500 | 300000 | 300000 | | 0 |
| ഇ.എം.എസ് ലോൺ -2 | 162/13 /26.04.2013 | 10000000 | 1715291 | 595291 | | 1120000 |
| ലൈഫ് | ജി.ഒ (എം.എസ്) | 5193731 | 5193731 | 0 | | 5193731 |

| | | | | | | |
|---|---|---|---|---|---|---|
| ഭവനപദ്ധതി വായ്പ | 2278/2018/ തസ്വഭവ തി18.06.2018 | | | | | |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 43,13,799 |
| തൻവർഷം നിക്ഷേപിച്ച തുക | 3,65,011 |
| ആകെ | 46,78,810 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 46,78,810 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മന്തരത്തുർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്, തിരുവള്ളൂർ ബ്രാഞ്ച് | 30.03.2006 | 1 വർഷം | 11,93,623 | |
| 2 | മന്തരത്തുർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്, തിരുവള്ളൂർ ബ്രാഞ്ച് | 30.11.2007 | 1 വർഷം | 7,97,423 | |
| 3 | മന്തരത്തുർ കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്, തിരുവള്ളൂർ ബ്രാഞ്ച് | 30.11.2010 | 1 വർഷം | 20,99,458 | |
| 4 | കെ.ഡി.സി ബേങ്ക്,തിരുവള്ളൂർ | 30.03.2017 | 1 വർഷം | 5,88,306 | |
| ആകെ | | | | 46,78,810 | |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 35 | 2003-04, 11.13.1.21 108 | മൺപാത്ര നിർമ്മാണ യൂണിറ്റ് പ്രവർത്തനം ഇതുവരെ ആരംഭിച്ചില്ല | പരാമർശം തുടരുന്നു |
| 2000-01, 2001-02 | 2003-04 11.14 117 | പൊതു വിഭാഗം – പോഷകാഹാര വിതരണം-ഭക്ഷണ സാധനങ്ങൾ വാങ്ങിയതിലെ അപാകതകൾ | പരാമർശം തുടരുന്നു |
| 1998-99 | 2003-04 11.14 118 | മൺ പാത്ര നിർമ്മാണം | പരാമർശം തുടരുന്നു |
| 2002-03 2-1 | 2006-07 3.79.1.1 99 | ഗ്രാമ പഞ്ചായത്തുകൾ – കെട്ടിട നികുതി, തൊഴിൽ നികുതി, തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. | പരാമർശം തുടരുന്നു |
| 2002-03, 3(4) | 2006-07, 3.79.6.11 105 | മണൽ വിൽപ്പന | തുടരുന്നു |
| 2002-03, 3-6 | 2006-07, 3.79.5.9 104 | തനത് ഫണ്ടിൽ നിന്ന് കുടിവെള്ള ജലസേജന പദ്ധതികൾക്ക് വൈദ്യുതി ചാർജ്ജ് നൽകി. | തുടരുന്നു |
| 2002-03, 3-2 | 2006-07, 3.79.10.5 108 | പൈക്കാട്ട് കുന്ന് ജലസേചന പദ്ധതി | തുടരുന്നു |
| 2002-03, 3-14 | 2006-07, 3-79.16.9 | സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | തുടരുന്നു |
| 2014-15, 2-4 | 2016-17, അനുബന്ധം-4.188 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |
| 2015-16, | 2016-17 | തൊഴിൽ നികുതി അപാകതകൾ | തുടരുന്നു |

| | | | |
|---|---|---|---|
| 2-2 | അനുബന്ധം -5.212 | | |

# 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല.

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2007-08 | 3-14, 3-16 | ശ്രീ.മുഹമ്മദ് ഷെഫീഖ് സെക്രട്ടറി | എൽ.എഫ്./ 14922/SP Cell/CSC00/ 17.10.01 | 21403 | - | - | - | - | -- | 21403 | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,04,69,407 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,69,84,650 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 50,000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17,40,405 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 50000 | | ശ്രീ.അനിൽകുമാർ നൊച്ചിയിൽ സെക്രട്ടറി<br>ശ്രീമതി. സംഗീത സെക്ഷൻ ക്ലാർക്ക് |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 19,994 | ശ്രീ. ബാലൻ എം, ഹെഡ്മാസ്റ്റർ |
| 1-15 | 1,42,911 | ശ്രീ. ബാലൻ എം, ഹെഡ്മാസ്റ്റർ |
| 1-22 | 3,90,000 | ശ്രീമതി അഖില ജി.വി, കൃഷി ഓഫീസർ |
| 1-24 | 11,87,500 | ഡോ.സുനിൽകുമാർ, വെറ്റിനറി സർജൻ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനിൽകുമാർ നൊച്ചിയിൽ<br>സെക്രട്ടറി | സെക്രട്ടറി<br>ചോറോട് ഗ്രാമപഞ്ചായത്ത് | ജ്യോതിർഗമയ<br>കുറുന്തോടി പി.ഒ<br>കോഴിക്കോട് ജില്ല |

| | | |
|---|---|---|
| ശ്രീ. ബാലൻ എം | ഹെഡ്മാസ്റ്റർ<br>ജി.യു.പി സ്കൂൾ തിരുവള്ളൂർ | മലയിൽ,<br>എടത്തും കര.<br>തോടന്നൂർ പി.ഒ |
| ശ്രീമതി അഖില ജി.വി<br>കൃഷി ഓഫീസർ | | അഖിലാലയം,<br>മന്നരവിളകം,<br>കരകുളം പി.ഒ<br>തിരുവനന്തപുരം |
| ശ്രീമതി സംഗീത ക്ലാർക്ക് | യു.പി സ്കൂൾ അസിസ്റ്റന്റ്<br>വൻമുഖം ഹൈസ്കൂൾ, കടലൂർ<br>നന്തി | മച്ചേരി,<br>പള്ളിക്കര പി.ഒ<br>മേലടി |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്എ/കെകെഡി/പി15/<br>843/2018 തീയതി.20/04/2018 | 3 | 35,38,39 |
| 1999-00 | കെ.എസ്എ/കെകെഡി/പി15/<br>843/2018(1) തീയതി.20/04/2018 | 3 | 35,36,37 |
| 2000-01<br>(പദ്ധതി) | കെ.എസ്എ/കെകെഡി/പി15/<br>843/2018(2) തീയതി.20/04/2018 | 1 | 7 |
| 2001-02<br>(പദ്ധതി) | കെ.എസ്എ/കെകെഡി/പി15/<br>843/2018(5) തീയതി.20/04/2018 | 9 | 6 മുതൽ<br>14 വരെ |
| 2002-03 | കെ.എസ്എ/കെകെഡി/പി15/<br>843/2018(6) തീയതി.20/04/2018 | 6 | 2-1,3-2,3-4,<br>3-6,3-14,3-9 |
| 2004-05 | കെ.എസ്എ/കെകെഡി/പി15/<br>843/2018(8) തീയതി.20/04/2018 | 2 | 3-1,3-5 |
| 2005-06 | കെ.എസ്എ/കെകെഡി/പി15/<br>843/2018(9) തീയതി.20/04/2018 | 2 | 3-2,3-7 |

| | | | |
|---|---|---|---|
| 2006-07 | കെ.എസ്എ/കെകെഡി/പി15/ 843/2018(10) തീയതി.20/04/2018 | 14 | 3-2,3-3,3-4, 3-5, 3-8,3-11,3-13, 3-14, 3-15,3-16, 3-17,3-19,3-20, 4-3 |
| 2007-08 | എൽ.എഫ്/കെകെഡി/എസ്1/ 1069/2010 തീയതി.14/07/2011 | 31 | 1-2,2-1 മുതൽ 2-7 വരെ, 2-9,2-10, 3-1 മുതൽ 3-21 വരെ |
| 2008-09 | കെ.എസ്എ/കെകെഡി/പി15/ 843/2018(11) തീയതി.20/04/2018 | 18 | 2-3,2-4, 2-8,2-9, 3-3 മുതൽ 3-11 വരെ, 3-14(4) മുതൽ 3-17 വരെ, 3-19 |
| 2009-10& 2010-11 | എൽ.എഫ്/കെകെഡി/പി5/ 1296/2013 തീയതി.11/11/2013 | 16 | 3-2 മുതൽ 3-5 വരെ, 3-7മുതൽ 3-9 വരെ, 3-12,3-13, 3-14, 3-15, 3-18,3-19, 3-22,3-24, 3-25, |
| 2011-12& 2012-13 | എൽ.എഫ്/കെകെഡി/പി5/ 682/2014 തീയതി.31/03/2015 | 19 | 1-2,1-3,2-1, 3-1 മുതൽ 3-14വരെ, 4-5,4-6 |
| 2013-14 & 2014-15 | എൽ.എഫ്/കെകെഡി/പി5/ 1388/2014 തീയതി.30/07/2016 | 21 | 2-1 മുതൽ 2-6 വരെ, 3-1 മുതൽ 3-15 വരെ |
| 2015-16 | കെ.എസ്.എ/കെ.കെ.ഡി/പി5/ 1952/2016/തി.06/06/2017 | 12 | 2-1 മുതൽ 2-5 വരെ, |

| | | | |
|---|---|---|---|
| | | | 3-1 മുതൽ 3-7 വരെ |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/<br>പി5/ 1797/2017/തി.28/02/2018 | 19 | 2-1,2-2 (1,2, 3),<br>2-3 മുതൽ<br>2-7വരെ,<br>3-1 മുതൽ<br>3-10 വരെ |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/പി5/1453/<br>2019/ 1 തീയതി 12/12/2019 | 21 | 1-12,2-1,2-3,<br>2-4,2-5,3-1,<br>3-2,3-3,3-4,<br>3-5,3-6(1-3),<br>3-7(1),3-8,<br>3-9,3-10,3-11,<br>3-12,3-13,3-14 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോഴിക്കോട്**

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി5/239/2020 തീയതി: 03.03.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം,**
**കോഴിക്കോട്**